# വേദാഭിമാനി

Vol.21 | No.7 | കാർത്തികപ്പള്ളി | R.No. 7361/02 | 2021 JULY

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.

വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com



## ബിൽഗേറ്റ്സിന് തിരിച്ചടി

സൂര്യപ്രകാശം ഭൂമിയിലെത്തുന്നത് തടഞ്ഞുകൊണ്ട് കാലാവസ്ഥാ മാറ്റത്തെ തടയാനുള്ള ബിൽഗേറ്റ്സിന്റെ പദ്ധതിക്ക് തിരിച്ചടി. സ്ട്രാറ്റോസ്ഫറിക് കൺട്രോൾഡ് പെർടർബേഷൻ എക്സ്പെരിമെന്റ് (SCoPEx) എന്ന് പേരിട്ടിരിക്കുന്ന സോളാർ



ജിയോ എൻജിനീയറിംഗ് പരീക്ഷണത്തിനുള്ള അനുമതി സ്വീഡിഷ് സ്പേസ് കോർപറേഷൻ റദ്ദാക്കി. SCoPEx പരീക്ഷണത്തിനെതിരെ നിരവധി ശാസ്ത്രജ്ഞരിൽ നിന്നുതന്നെ വ്യാപകമായ എതിർപ്പുകളുണ്ടായ സാഹചര്യത്തിലാണ് നടപടി. സൂര്യപ്രകാശം ഭൂമിയിലെത്തുന്നത് തടഞ്ഞുകൊണ്ട് ആഗോളതാപനത്തെ ചെറുക്കുക എന്നതാണ് SCoPEx എന്ന പദ്ധതികൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. ഇതിന്റെ ഭാഗമായി ഭൂമിയുടെ അന്തരീക്ഷത്തിലേക്ക് കാൽസ്യം കാർബണേറ്റ് ബലൂൺ അയച്ച് പ്രാഥമിക പരീക്ഷണം നടത്താനും പദ്ധതിയുണ്ടായിരുന്നു. ഹാർവാർഡ് സർവ്വകലാശാലയിലെ സോളാർ ജിയോ എഞ്ചനീയറിംഗ് ഗവേഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ സ്വപ്നം യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ പുരോഗമിച്ചത്. എന്നാൽ ഇതിനിടെ ഉയർന്ന കടുത്ത എതിർപ്പുകളെ തുടർന്ന് സ്വീഡിഷ് സ്പേസ് കോർപറേഷൻ തന്നെ അനുമതി നിഷേധിച്ചതോടെ സൂര്യപ്രകാശം തടഞ്ഞ് ആഗോളതാപനത്തെ ചെറുക്കാനുള്ള ബിൽഗേറ്റ്സിന്റെ ആശയം പ്രാവർത്തികമാക്കാനുള്ള കാത്തിരിപ്പ് നീളുമെന്നുറപ്പ്.

## വെർച്ചൽ റിയാലിറ്റിയും ടെലിപോർട്ടിംഗും



വെർചൽ റിയാലിറ്റി തുറക്കാൻ പോകുന്ന സാധ്യതകളിലൊന്ന് ലോകത്തെവിടെ ജീവിച്ചാലും മറ്റൊരു സ്ഥലത്തേക്ക് ടെലിപോർട്ട് ചെയ്യുകയും, ശരിക്കും മറ്റൊരു സ്ഥലത്ത് എത്തിച്ചേരുന്ന പ്രതീതി ജനിപ്പിക്കാൻ സാധിക്കുന്നതുമാണെന്ന് സക്കർബർഗ് പറഞ്ഞു. ഇത് സാമ്പത്തികമായ ചില പുതിയ സാധ്യതകളും തുറന്നു നൽകും. ആളുകൾക്ക് തങ്ങൾക്ക് ഇഷ്ടമുള്ള സ്ഥലങ്ങളിൽ ജീവിക്കാനും അവിടെ ജോലിയെടുക്കാനും ടെലിപോർട്ടിംഗ് വഴി സാധ്യമാക്കാനാകുമെന്ന് സക്കർബർഗ് പറഞ്ഞു.

ഈ സാങ്കേതികവിദ്യ തുറന്നിടാൻ പോകുന്നത് എവിടെയെങ്കിലും ജീവിച്ചിരിക്കുകയും, അതേസമയം മറ്റൊരു സ്ഥലത്ത് സന്നിഹിതനാകാനുമുള്ള കഴിവാണ്. ഒരാൾ ശരിക്കും പുതിയ സ്ഥലത്തെത്തിയ പ്രതീതി ജനിപ്പിക്കാൻ വി.ആറിനു സാധിക്കുമെന്നാണ് സക്കർബർഗ് പറയുന്നത്. ഒരിക്കലും ഓഫീസ് കെട്ടിടങ്ങൾ വേണ്ടാത്ത ലോകമായിരിക്കും വരുന്നത്. ഈ പതിറ്റാണ്ടിന്റെ അവസാനം ഫെയ്സ്ബുക്കിന്റെ 50 ശതമാനം ജോലിക്കാരും സ്ഥിരമായി റിമോട്ടായി ജോലി ചെയ്യുന്ന ഭാവിയാണ് താൻ മുന്നിൽക്കാണുന്നത്. അത് വി.ആർ. സാങ്കേതികവിദ്യ വഴി സാധ്യമാക്കാമെന്നുമാണ് സക്കർബർഗ് പറഞ്ഞത്.

## മമ്മികളുടെ സ്വർണ്ണഘോഷയാത്ര

കൂടുതൽ അനിഷ്ടസംഭവങ്ങൾക്ക് ഇടയാക്കാതെ ഈജിപ്തിലെ 22 മമ്മികളുടെ പുതിയ മ്യൂസിയത്തിലേക്കുള്ള നീക്കം പൂർത്തിയായി. ഈജിപ്ഷ്യൻ ഫറവോകളുടെ മമ്മികൾ നീക്കുന്നത് ശാപത്തിന് വഴിവെക്കുമെന്ന പ്രചാരം ശക്തമായിരുന്നു. ഇതിനിടെ രാജ്യത്ത് വലിയ തീപിടുത്തമുണ്ടായതും കെട്ടിടം തകർന്നതും സൂയസ് കനാലിൽ കപ്പൽ കുടങ്ങിയതുമെല്ലാം ഫറവോയുടെ ശാപത്തെ തുടർന്നാണെന്നുകൂടി പ്രചരിച്ചതോടെയാണ് മമ്മികളുടെ നീക്കം വിവാദമായത്.

അതീവ സുരക്ഷയിലാണ് ആഘോഷപൂർവ്വം 22 മമ്മികൾ നിലവിലെ ഈജിപ്ഷ്യൻ മ്യൂസിയത്തിൽ നിന്നും ഏഴ് കിലോമീറ്റർ അകലെയുള്ള കെയ്റോയിലെ തന്നെ നാഷണൽ മ്യൂസിയം ഓഫ് ഈജിപ്ഷ്യൻ സിവിലൈസേഷനിലേക്ക് നീക്കിയത്. ഫറവോകളുടെ സ്വർണഘോഷയാത്ര എന്നാണ് ഈ മമ്മികളുടെ നീക്കം വിശേഷിപ്പിക്കപ്പെട്ടത്. ഈജിപ്തിലെ 18 രാജാക്കന്മാരുടെയും നാല് രാജ്ഞികളുടെയും മമ്മികളാണ് പൗരാണിക ഈജിപ്ഷ്യൻ ശൈലിയിൽ അല



ങ്കരിച്ച വാഹനങ്ങളിൽ പുതിയ കേന്ദ്രത്തിലേക്ക് നീക്കിയത്.

മമ്മികളുടെ സ്വർണ്ണഘോഷയാത്രയുടെ സമയത്ത് പോകുന്ന വഴിയിൽ വാഹനങ്ങളും കാൽനടയാത്രയും നിരോധിച്ചിരുന്നു. ഈജിപ്ഷ്യൻ ദേശീയ ടെലിവിഷൻ ഈ യാത്ര തൽസമയം സംപ്രേഷണം ചെയ്തു. പ്രതീക്ഷിച്ചതിലും നേരത്തെയാണ് മമ്മികളുടെ വാഹനവ്യൂഹം യാത്ര പൂർത്തിയാക്കിയത്. ക്രിസ്തുവിന് 1600 വർഷങ്ങൾക്ക് മുൻപ് ഈജിപ്ത് ഭരിച്ചിരുന്ന സെക്കനേർ താവോ രണ്ടാമന്റെ മമ്മിയായിരുന്നു ഏറ്റവും മുൻപിൽ. ഘോഷയാത്രയിൽ ഏറ്റവും പിന്നിലായി ഉണ്ടായിരുന്നത് ബി.സി.12-ാം നൂറ്റാണ്ടിൽ ഭരിച്ചിരുന്ന റംസെസ് ഒൻപതാമന്റേതായിരുന്നു. കാലപ്പഴക്കത്തിന് അനുസരിച്ചായിരുന്നു ഈ ക്രമീകരണം.

## ഗൂഗിളിന്റെ അമ്മ



ഗൂഗിളിന്റെ പിറവിക്ക് ആദ്യസഹായം നൽകിയ യുവതിയെക്കുറിച്ചാണ് പറയുന്നത്. ഇവരെ കൂടുതൽ പേർക്കും അറിയില്ല. എന്നാൽ,യൂട്യൂബിന്റെ ഇന്നത്തെ സി.ഇ.ഒ. ആരെന്ന് ചോദിച്ചാൽ സൂസൻ വോജിസ്കി എന്ന് പറയും. അതെ, ലോകത്തെ നമ്പർ വൺ സെർച്ച് എൻജിൻ കമ്പനിയായ ഗൂഗിളിന്റെ ഓരോ വിജയത്തിലും അന്നും ഇന്നും ഈ വനിതയുണ്ട്.

1998-ൽ സ്വന്തം സംരംഭമെന്ന സ്വപ്നവുമായി സെർജി ബ്രിന്നും ലാറി പേജും എത്തിയപ്പോൾ ആദ്യമായി ഗ്യാരേജ് വാടകയ്ക്ക് നൽകിയത് സൂസൻ വോജിസ്കിയാണ്. ഈ തീരുമാനം അവരുടെ ജീവിതത്തെതന്നെ മാറ്റിമറിച്ചു. 1998 സെപ്റ്റംബർ നാലിനാണ് ഗൂഗിൾ എന്ന പേരിൽ പുതിയ കമ്പനി തുടങ്ങിയത്. ഇന്റലിലെ ഉന്നത ജോലി ഉപേക്ഷിച്ചാണ് വോജിസ്കി ഗൂഗിളിൽ ചേരുന്നത്.

## മസ്ക് മനുഷ്യനല്ല


ടിറ്ററിൽ സജീവമായി ഇടപെടുന്ന സ്പേസ് എക്സ് മേധാവി ഇലോൺ മസ്ക് പലരുടെയും ട്വീറ്റുകൾക്ക് രസകരവും ചിന്തിക്കാൻ പ്രേരിപ്പിക്കുന്നതുമായ മറുപടി നൽകാറുണ്ട്. പലപ്പോഴും ഇത്തരം ട്വീറ്റുകൾ രാജ്യാന്തര മാധ്യമങ്ങളിൽ ചർച്ചയാകുകയും വിപണിയിൽ വൻ മാറ്റങ്ങൾക്കുവരെ ഇടവരുത്താറുമുണ്ട്. അത്ത



രത്തിലുള്ള ഒരു ട്വീറ്റാണ് ഇപ്പോൾ മാധ്യമങ്ങളിൽ വാർത്തയായിരിക്കുന്നത്.

ഇന്ത്യക്കാരനും ക്രെഡിറ്റ് കാർഡ് പേയ്മെന്റ്സ് ആപ്പായ ക്രെഡിറ്റിന്റെ സ്ഥാപകനുമായ കുണാൽ ഷായുടെ ട്വീറ്റിനു മറുപടിയായാണ് മസ്ക് രസകരമായ, വിചിത്രമായ ഉത്തരം നൽകിയിരിക്കുന്നത്. താരതമ്യേന ചെറിയ പ്രായത്തിൽ തന്നെ ഇലോൺ മസ്ക് 50,000 കോടി ഡോളർ മൂല്യമുള്ള നാലിൽ കൂടുതൽ കമ്പനികൾ ഒരേസമയം വിജയകരമായി മുന്നോട്ട് കൊണ്ടുപോവുന്നു. ഞാൻ ശരിക്കും മനസ്സിലാക്കാൻ ആഗ്രഹിക്കുന്നത്: അദ്ദേഹം എങ്ങനെയാണ് അത് ചെയ്യുന്നത്? അദ്ദേഹം എങ്ങനെയാണ് സ്വന്തം സ്ഥാപനങ്ങൾ രൂപകൽപ്പന ചെയ്യുന്നത്? അങ്ങനെ വളരെയധികം ചോദ്യങ്ങളുണ്ട്' എന്നായിരുന്നു കുണാൽ ഷായുടെ ട്വീറ്റ്. ആരാധകരുടെ ചോദ്യങ്ങൾക്കെല്ലാം കൃത്യമായി മറുപടി നൽകി വാർത്തകളിൽ ഇടംനേടുന്ന വ്യക്തിയാണ് ഇലോൺ മസ്ക്. കുണാൽ ഷായുടെ ടീറ്റിന് മറുപടിയായി ലോകത്തെ രണ്ടാമത്തെ ഏറ്റവും വലിയ കോടീശ്വരനായ മസ്ക് ഒറ്റയടിക്ക് മറുപടി പറഞ്ഞത് ഞാനൊരു ഏലിയൻ (അന്യഗ്രഹജീവി) ആണെന്നാണ്. ഇതോടെ മസ്കിന്റെ ചെറിയൊരു മറുപടി ടെക് ലോകത്ത് വൻ ചർച്ചയായി.

## കമ്യൂണിസത്തിനും ക്രിസ്തുമതത്തിനും ഒരേ പതാക: മാർപാപ്പ



കമ്യൂണിസ്റ്റുകാർ ക്രിസ്തുമതത്തോട് ഏറ്റവും അടുത്തുനിൽക്കുന്നവരാണെന്ന് ഫ്രാൻസിസ് മാർപാപ്പ. ഒരു റോം പ്രാദേശിക പത്രത്തിന് അനുവദിച്ച അഭിമുഖത്തിലാണ് അദ്ദേഹം തന്റെ അഭിപ്രായം അവതരിപ്പിച്ചത്. മുതലാളിത്തത്തെ വിമർശിക്കുമ്പോഴും സാമ്പത്തികമായ പരിഷ്കരണത്തെക്കുറിച്ച് സംസാരിക്കുമ്പോഴും പോപ്പ് ഒരു ലെനിനിസ്റ്റിനെപ്പോലെയാണ് സംസാരിക്കുന്നതെന്ന ഇക്കണോമിസ്റ്റ് മാഗസിന്റെ പരാമർശത്തെക്കുറിച്ചുള്ള ചോദ്യത്തിന് മറുപടി പറയുകയായിരുന്നു മാർപാപ്പ. 'എനിക്കൊന്നേ പറയാനുള്ളൂ. പാവപ്പെട്ടവന്റെ പതാക ക്രിസ്തുമതമാണ്. കമ്യൂണിസ്റ്റുകാർ പറയുന്നു ഇത് കമ്യൂണിസമാണെന്ന്. പക്ഷേ, 20 നൂറ്റാണ്ടുകൾക്കു മുമ്പ് ക്രിസ്തുമതം ഈ ആശയം പറഞ്ഞിട്ടുണ്ട്. അങ്ങനെ നോക്കുമ്പോൾ കമ്യൂണിസ്റ്റുകാരെ ക്രിസ്ത്യാനികൾ എന്ന് വിളിക്കേണ്ടിവരും' – മാർപാപ്പ പറഞ്ഞു.





| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗ്ഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ I ഡിജിറ്റൽ I ഇ-പേപ്പർ ലഭ്യമാണ് | ഇന്ത്യ-Rs.250 മറ്റ് രാജ്യങ്ങൾ-Rs.2000 | വേദാഭിമാനി, കേരള 690516 |



# പ്രാർത്ഥനയുടെ മനോഭാവം



ഒരു ക്രിസ്ത്യാനി രാവിലെയും രാത്രിയിലും പ്രാർത്ഥിച്ചാൽ മതിയോ? ബൈബിൾ എന്താണു പറയുന്നത്? സദാസമയവും നാം പ്രാർത്ഥിക്കണമെന്നാണു ദൈവവചനം ആവശ്യപ്പെടുന്നത്. 'ഇടവിടാതെ പ്രാർത്ഥിക്കുവിൻ' (1 തെസ്സ.5:17). 'എല്ലാ സമയവും ആത്മാവിൽ പ്രാർത്ഥനാനിരതരായിരിക്കുവിൻ' (എഫേ.6:18). 'എല്ലായിടത്തും കരങ്ങൾ ഉയർത്തിക്കൊണ്ടു പ്രാർത്ഥിക്കണം' (1 തിമൊ.2:8). സംശയത്തിന് ഇടയില്ലാതെവണ്ണം വളരെ വ്യക്തമായാണ് പൗലൊസ് ഇവിടെയെല്ലാം എപ്പോഴും പ്രാർത്ഥിക്കണമെന്നു പറഞ്ഞിരിക്കുന്നത്. അതിനും അപ്പുറത്ത്, പ്രവൃത്തി ചെയ്യുമ്പോഴും ഉണർന്നിരിക്കുമ്പോഴും മാത്രമല്ല ഉറങ്ങുന്ന നേരത്തും പ്രാർത്ഥിക്കണമെന്നാണ്, 'ഞാൻ ഉറങ്ങുന്നു; എന്നാൽ എന്റെ ഹൃദയം ഉണർന്നിരിക്കുന്നു' (ഉത്ത.5:2) എന്ന വാക്യം സൂചിപ്പിക്കുന്നതത്രേ! എങ്കിൽ ഇതാർക്കു കഴിയും? എപ്പോഴും, ഉറങ്ങുമ്പോഴും, പ്രാർത്ഥിക്കുന്നതെങ്ങനെ?

ഉത്തരം ലളിതമാണ്: യഥാർത്ഥ പ്രാർത്ഥനയ്ക്കു പിന്നിൽ ഒരു മനോഭാവം ഉണ്ട്. 'എല്ലായിടത്തും വിശുദ്ധ കൈകളെ ഉയർത്തി പ്രാർത്ഥിക്കണം' എന്ന വചനം ശ്രദ്ധിക്കുക. കരങ്ങളെ ഉയർത്തുന്നതു കീഴടങ്ങിയവരാണല്ലോ. പ്രാർത്ഥിക്കുമ്പോൾ കീഴടങ്ങിയ മനോഭാവമാണു വേണ്ടതെന്നല്ലേ ഇതിന്റെയർത്ഥം? ഉവ്വ്, പ്രാർത്ഥനയുടെ പിന്നിലെ ഹൃദയനില അതായിരിക്കണം. ദൈവത്തിനു പൂർണ്ണമായി അർപ്പിച്ചിരിക്കുന്നു എന്ന മനോഭാവം. ദൈവത്തിനു കീഴടങ്ങുന്ന, അവിടുത്തെ ബലമുള്ള കൈക്കീഴു താണിരിക്കുന്ന വിശ്വാസത്തിന്റെയും, സമർപ്പണത്തിന്റെയും, ആശ്രയത്തിന്റെയും അവസ്ഥ. അക്ഷരാർത്ഥത്തിൽ പ്രാർത്ഥനാവാചകങ്ങൾ ഉരുവിടാത്തപ്പോഴും നാം ആ മനോഭാവമുള്ളവരായിരിക്കണമെന്ന് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. ആ മനോനിലയുണ്ടെങ്കിൽ വാചികമായി പ്രാർത്ഥിക്കാത്തപ്പോഴും നാം 'ഇടവിടാതെ പ്രാർത്ഥിക്കുക'യാണ്. "ഉറങ്ങുമ്പോഴും ഹൃദയം ഉണർന്നിരിക്കുകയാണ്.' അപ്പോൾ 'ജീവിതം തന്നെ പ്രാർത്ഥനയാക്കി മാറ്റുക' എന്നത് കേവലം ഭംഗിയുള്ള ഒരു പ്രയോഗം മാത്രമായിരിക്കുകയില്ല.



ഇതിന്റെ അർത്ഥം പ്രാർത്ഥനയ്ക്കായി സമയം വേർതിരിക്കേണ്ടെന്നോ അച്ചടക്കത്തോടെയുള്ള പ്രാർത്ഥനാജീവിതം ആവശ്യമില്ലെന്നോ ആണോ? അല്ലേയല്ല. പ്രാർത്ഥനയുടെ ശക്തിയെപ്പറ്റി സാത്താനു വളരെ നന്നായി അറിയാം. അതുകൊണ്ട് അവൻ നമ്മുടെ പ്രാർത്ഥനാസമയം മോഷ്ടിച്ചെടുക്കുവാൻ ശ്രമിക്കും. എന്നാൽ അതിനും അപ്പുറത്ത്, ദൈവത്തെ നിസ്സഹായതയോടെ മുറുകെപ്പിടിക്കുന്ന താഴ്മയുടെ മനോഭാവത്തിൽ നിന്നു നമ്മെ മാറ്റി നമ്മിൽതന്നെ ബലമുള്ളവരാക്കുവാനല്ലേ സാത്താൻ ഏറെ ശ്രമിക്കുക? ദൈവത്തിൽ ആശ്രയമുള്ളവന് പ്രാണവായുവാണു പ്രാർത്ഥന. കാരണം അവൻ സ്വയം ശൂന്യമായിരിക്കുകയാൽ തന്നിൽതന്നെ ബലമുള്ളവനല്ല. അവനു ദൈവത്തെ മുറുകെപ്പിടിക്കാതിരിക്കാൻ കഴിയുകയില്ല. അതുകൊണ്ടാണ് പുതിയനിയമത്തിൽ താഴ്മയെക്കുറിച്ച് ഒരേപോലെ പറഞ്ഞിരിക്കുന്ന രണ്ടു സന്ദർഭങ്ങളിലും അതിനോടു ചേർത്ത് പ്രാർത്ഥനയെക്കുറിച്ച് യഥാർത്ഥ പ്രാർത്ഥനയ്ക്കു പിന്നിലുള്ള മനോഭാവമായ ദൈവമുൻപാകെ കീഴടങ്ങുന്നതിനെക്കുറിച്ചും (യാക്കോ.4:6,7) ദൈവത്തിന്റെ കൈക്കീഴു താണിരിക്കുന്നതിനെക്കുറിച്ചും (1 പത്രോ.5:5,6) പറഞ്ഞിരിക്കുന്നത്.

പ്രാർത്ഥനയുടെ ഈ മനോഭാവം ഇല്ലാതെയും നമുക്കു പ്രാർത്ഥനാവാചകങ്ങൾ ഉരുവിടാൻ കഴിയും. ഗിരിപ്രഭാഷണത്തിൽ യേശു അതിനെ വിളിക്കുന്നതു പ്രാർത്ഥനയെന്നല്ല ജല്പനമെന്നാണ്. അവിടെ യേശു രണ്ട് 'അപകട'ങ്ങളിലേക്കാണു വിരൽ ചൂണ്ടിയത് (മത്താ.6:5-8). ഒന്ന്: മനുഷ്യർക്കു വിളങ്ങേണ്ടതിന് നടത്തുന്ന പരസ്യപ്രാർത്ഥന. രണ്ട്: ദീർഘനേരം പ്രാർത്ഥിച്ചാലാണ് ഉത്തരം കിട്ടുന്നതെന്നു കരുതിയുള്ള അതിഭാഷണം. ഇന്ന് വലിയ പരസ്യത്തിന്റെ അകമ്പടിയോടെ അരങ്ങേറുന്ന 'പ്രാർത്ഥനാ ഉത്സവങ്ങളേയും' ദീർഘനേരം നീളുന്ന 'മുഴുരാത്രി പ്രാർത്ഥന'കളേയുമാണ് നാം ഇവിടെ ഓർത്തുപോകുന്നത്?

ഏലിയാവിന്റെയും ബാലിന്റെ പ്രവാചകന്മാരുടെയും പ്രാർത്ഥനകളെ താരതമ്യം ചെയ്താൽ (1 രാജാ.18) പ്രാർത്ഥനയെക്കുറിച്ച് ഇന്ന് നിലവിലുള്ള പല ധാരണകളുടെയും പൊള്ളത്തരം വ്യക്തമാകും. അവിടെ ബാലിന്റെ പ്രവാചകന്മാർ അനേകരായിരുന്നു. ഏലിയാവോ ഒരേ ഒരുവനും. ബാലിന്റെ പ്രവാചകന്മാർ ദീർഘമായി പ്രാർത്ഥിച്ചു. ഏലിയാവിന്റെ പ്രാർത്ഥന ഹ്രസ്വമായിരുന്നു. ബാലിന്റെ പ്രവാചകന്മാരുടെ പ്രാർത്ഥന ഒച്ചപ്പാടും ബഹളവും ഉള്ളതായിരുന്നു. ഏലിയാവിന്റെ പ്രാർത്ഥനയിൽ പ്രകടനപരത കുറവായിരുന്നു. പക്ഷേ ഒടുവിൽ ഏലിയാവിന്റെ പ്രാർത്ഥനയിലാണു തീ ഇറങ്ങിയത്! ഇന്ന് പ്രാർത്ഥനയിൽ സംബന്ധിക്കുന്നവരുടെ സംഖ്യാബലം, പ്രാർത്ഥനയുടെ സമയദൈർഘ്യം, പ്രാർത്ഥനയിലെ ശബ്ദകോലാഹലങ്ങൾ എന്നിവയാണു നാം യഥാർത്ഥ പ്രാർത്ഥനയുടെ തെളിവായി കാണുന്നതെങ്കിൽ പ്രാർത്ഥനയെക്കുറിച്ചുള്ള ബാലിന്റെ പ്രവാചകന്മാരുടെ കാഴ്ചപ്പാടുതന്നെയല്ലേ നാമും പങ്കിടുന്നത്?

അതേ സമയം ഏലിയാവ് ഇടിഞ്ഞുകിടന്ന യാഗപീഠം നന്നാക്കി (18:30), ഗോത്രസംഖ്യയ്ക്ക് ഒത്തവണ്ണം പന്ത്രണ്ടു കല്ലെടുത്ത് യഹോവയുടെ നാമത്തിൽ യാഗപീഠം പണിതു (18:31), ഭോജനയാഗത്തിന്റെ നേരത്ത്, 'ഞാൻ നിന്റെ ദാസൻ, എല്ലാം നിന്റെ കല്പനപ്രകാരം ചെയ്തു' എന്ന ഏറ്റുപറച്ചിലോടെ പ്രാർത്ഥിച്ചു (18:36). അപ്പോൾ സ്വർഗ്ഗത്തിൽനിന്നു തീ ഇറങ്ങി!

വ്യവസ്ഥപ്രകാരം, ദൈവത്തിനു പ്രസാദകരമായ നിലയിൽ ദൈവമുൻപാകെ എല്ലാം ചെയ്തതല്ലേ ഏലിയാവിന്റെ പ്രാർത്ഥനയ്ക്കു മറുപടി കിട്ടിയതിന്റെ രഹസ്യം? പ്രാർത്ഥനയുടെ ഈ യഥാർത്ഥമനോഭാവത്തിൽ നിന്നു നമ്മുടെ ശ്രദ്ധയെ വ്യതിചലിപ്പിക്കുന്നതിൽ ഇന്ന് സാത്താൻ എത്ര വിജയിച്ചിരിക്കുന്നു!



# ജീവിതമില്ലാത്തവരുടെ അന്യഭാഷ

ഇന്ന് ആത്മനിറവിന്, അന്യഭാഷയ്ക്ക് വലിയ പ്രാധാന്യം നല്കുകയും ആത്മാവിനാൽ നയിക്കപ്പെടുന്ന ജീവിതത്തിന് തീരെ വിലകല്പിക്കാതിരിക്കുകയും ചെയ്യുന്ന ദയനീയ സ്ഥിതിയാണ് പൊതുവേ കാണുന്നത്. "നാം എല്ലാവരും പലതിലും തെറ്റിപ്പോകുന്നു" (യാക്കോ.3:2) സകല അധാർമ്മികതകളും ചെയ്തിട്ട് സ്റ്റേജിൽ ആത്മാവിൽ നിറയുന്ന കപട വേഷധാരികൾ നിറഞ്ഞാടുകയാണ്. ഒരു വ്യക്തിയിൽ പരിശുദ്ധാത്മാവ് വസിക്കുന്നു എന്നതിന് ഏകതെളിവ് അന്യഭാഷയല്ല. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന ഒരു പ്രായോഗിക ജീവിതമാണ് (റോമ.8:9) പണ്ടൊരു ചിന്തകൻ പറഞ്ഞു. പരിശുദ്ധാത്മാവിനെ പലർക്കും കിട്ടി എന്നാൽ പരിശുദ്ധാത്മാവിന് നടത്തുവാൻ പലരേയും കിട്ടിയിട്ടില്ല. ഇവിടെയാണ് ഏറ്റവും വലിയ അപചയം. കയ്യടിക്കാനും അന്യഭാഷ പറയാനുമാണോ ആത്മനിറവ്? ഒരിക്കലുമല്ല. ദൈവാത്മാവ് ഉള്ളവന്റെ ചിന്ത, സംസാരം, നോട്ടം, പ്രവർത്തികൾ എല്ലാം ആത്മാവിന്റെ നിയന്ത്രണത്തിലായിരിക്കും. 1 യോഹ. 2:27-ൽ അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു. ആരും നിങ്ങളെ ഉപദേശിപ്പാൻ ആവശ്യമില്ല. അവന്റെ അഭിഷേകം തന്നെ നിങ്ങൾക്ക് സകലവും ഉപദേശിച്ച് തരികയാലും അത് നിങ്ങളെ ഉപദേശിച്ചതുപോലെ നിങ്ങൾ അവനിൽ വസിപ്പിൻ. അപ്പോൾ അഭിഷേകമുള്ളവൻ ക്രിസ്തുവിൽ വസിക്കും. രാജകീയ പുരോഹിതനാകണമെങ്കിൽ അഭിഷേകമില്ലാതെ സാദ്ധ്യമല്ല (1 പത്രോ.2:9). ക്രിസ്തുവിലാണ് വസിക്കുന്നതെങ്കിൽ ജീവിതത്തിൽ അതിന്റെ ലക്ഷണങ്ങൾ വെളിപ്പെടുമല്ലോ?

ആത്മനിറവ്, ആത്മനിറവ് എന്ന് എല്ലാവരും പറയുന്നു. പക്ഷെ ആത്മാവിന്റെ ഫലമൊട്ടു കാണുന്നുമില്ല. കാരണം, ആത്മാവിൽ നടത്തപ്പെടുന്ന ഒരു ജീവിതം വേണമെന്ന് കർക്കശമായി പഠിപ്പിക്കുന്നില്ല. അതുകൊണ്ട് സ്റ്റേജിൽ ആടിപ്പാടി അന്യഭാഷയിൽ ഇളക്കിമറിക്കുന്നവർ പലരും പ്രമാണം വിട്ട് അപഥസഞ്ചാരം നടത്തുന്നു.

"എഫസോസിലെ വിശ്വാസികൾ ആത്മാവ് നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചു. മാത്രമല്ല, ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരുന്നു" (എഫേ.5:19-21). എഫസോസിലെ വിശ്വാസികൾക്ക് ദൈവഭയമുണ്ടായിരുന്നു. ആധുനിക എഫസോസുകാർ സഹോദരനെ കോടതിയിൽ കയറ്റി വിസ്തരിക്കുന്നു. സ്റ്റേ ഓർഡർ മേടിക്കുന്നു. കള്ളസത്യവാങ്മൂലം നല്കുന്നു. അന്യോന്യം ചെളിവാരി എറിയുകയും പാനൽ ഉണ്ടാക്കി പാരപണിയുന്നു. കസേരയ്ക്കുവേണ്ടി പണം വാരിയെറിയുന്നു. പാവപ്പെട്ടവന്റെ നീതി മറിച്ചുകളയുന്നു. പണമുള്ളവന്റെ എല്ലാ കൊള്ളരുതായ്മകൾക്കും കൂട്ടുനിൽക്കുന്നു. ദുർമോഹവും ദ്രവ്യാഗ്രഹവും, പകവീട്ടലും എന്നുവേണ്ട പിശാചിന്റെ സകല ഉല്പന്നങ്ങളും കുടികൊള്ളുന്ന ഹൃദയത്തിൽ ആത്മനിറവാണെന്ന് പ്രഖ്യാപിച്ചാൽ അത് തികച്ചും വിരോധാഭാസം. ഈ കൂട്ടരിൽ കുടികൊള്ളുന്നത് തികച്ചും ദുരാത്മാവാണ്. ക്രിസ്തുവിന്റെ ഭയത്തിൽ ശുശ്രൂഷകന് കീഴ്പ്പെടാത്ത വിശ്വാസികളും, ഭർത്താവിന് കീഴ്പ്പെടാത്ത ഭാര്യമാരും, മാതാപിതാക്കൾക്ക് കീഴ്പ്പെടാത്ത മക്കളും, അന്യോന്യം ബഹുമാനിക്കാത്ത നേതാക്കന്മാരും ആത്മനിറവിന്റെയും അന്യഭാഷയുടെയും മറവിൽ ആത്മീയത ചമഞ്ഞ് നടക്കുന്നു. ആത്മനിറവിന്റെ ജീവിതമുണ്ടെങ്കിൽ കർത്താവിന്റെ സാക്ഷിയാകും മാത്രമല്ല, ദൈവസ്നേഹത്തിൽ എല്ലാം ക്ഷമിക്കും.

1 കൊരി.12-ാം അദ്ധ്യായത്തിൽ പറയുന്ന എല്ലാ കൃപാവരങ്ങളുണ്ടെങ്കിലും 13-ൽ പറയുന്ന സ്നേഹമില്ലെങ്കിൽ വട്ടപ്പൂജ്യമാണ്. 12:31 നോക്കുക, "ഇനി അതിശ്രേഷ്ഠമായൊരു മാർഗ്ഗം ഞാൻ നിങ്ങൾക്ക് കാണിച്ചുതരാം." അപ്പോൾ മേൽപ്പറയുന്നതിൽ വെച്ച് അതിശ്രേഷ്ഠമായത് ദൈവസ്നേഹമാണെന്നല്ലേ? പരിശുദ്ധാത്മാവിനെയും അവിടുത്തെ പ്രവൃത്തികളേയും നിർവ്വചിച്ചതിൽ അന്യഭാഷ, പ്രവചനം തുടങ്ങി ചിലതിന് മാത്രം അമിത പ്രാധാന്യം നല്കിയിട്ട് ആന്തരിക രൂപാന്തരം വരുത്തി ജീവനും, ആലോചനയും, ആശ്വാസവും തന്ന് ഫലപ്രദമായ ജീവിതത്തിന് പ്രാപ്തമാക്കുന്ന പരിശുദ്ധാത്മാവിനെ അനുഭവിക്കുന്നതിൽ നാം പരാജയപ്പെട്ടില്ലേ? കൃപാവരങ്ങളുടെ ദുർവിനിയോഗങ്ങൾക്ക് തടയിടാൻ നാം അശക്തരായാൽ ദൈവത്തിന്റെ നിത്യപദ്ധതികളെ തന്നെ നാം അവഗണിക്കുകയാവും ചെയ്യുന്നത്. ദൈവസ്നേഹം നിറയുമ്പോൾ "ദീർഘമായ് ക്ഷമിക്കും, ദയ കാണിക്കും. സ്പർദ്ധിക്കില്ല, നിഗളിക്കില്ല, അയോഗ്യമായ് നടക്കില്ല, ചീർക്കുകയില്ല, ദേഷ്യപ്പെടുകയില്ല, ദോഷം കണക്കിടുകയില്ല. എല്ലാം പൊറുക്കുന്നു. എല്ലാം വിശ്വസിക്കുന്നു. എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു." ഇതൊന്നുമില്ലാത്ത കയ്യടിയും അന്യഭാഷയും കൊണ്ട് യാതൊരു ഗുണവുമില്ല. ആത്മാവിന്റെ പ്രവർത്തിയും ഫലവും ജീവിതത്തിൽ ഉള്ളവർ അന്യഭാഷ പറഞ്ഞാൽ അവരുടെ ഉള്ളിൽ ദൈവാത്മാവാണെന്ന് അംഗീകരിക്കാം. തീയ് ശുദ്ധി ചെയ്യുന്നതാണ്. പരിശുദ്ധാത്മാവ് വന്നാൽ അവനിലെ അശുദ്ധി തീർന്ന് പ്രായോഗിക ജീവിതത്തിൽ അത് വെളിപ്പെട്ടുവരണം. അഗ്നിജ്വാലപോലെ എന്ന് രൂപകാത്മകമായി പറയുന്നത് അക്ഷരാർത്ഥത്തിൽ തീയ് ഇറങ്ങിയെന്നല്ല മറിച്ച് അശുദ്ധി കത്തിച്ചാമ്പലായി യാഗവസ്തു മുഴുവനുമായി തീയിൽ വെന്താൽ അത് ചാരമാകും. അല്ലെങ്കിൽ അവിടെ ചീഞ്ഞളിയും, പുഴു നുരയ്ക്കും, ദുർഗന്ധം ഉണ്ടാകും. പെന്തക്കോസ്തുനാളിലെ ആത്മാവിന്റെ തീയ് അനുഭവിക്കുന്നു എന്ന് പറയുകയും പാപസ്വാഭാവത്തിന്റെ ദുർഗന്ധം പുറപ്പെടുകയും ചെയ്യുന്നെങ്കിൽ ഏത് ആത്മാവാണെന്ന് സംശയിക്കണം. അനുദിന ജീവിതം പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിന് വിട്ടുകൊടുത്തുകൊണ്ട് ആത്മാവിന്റെ വരങ്ങളെക്കാൾ ഫലം പുറപ്പെടുവിക്കുന്ന ആത്മാവിനാൽ നയിക്കപ്പെടുന്ന ഒരു ജീവിതം നമുക്കു നയിക്കാം.




## ആമ പഠിപ്പിച്ച പാഠം



**ജി**നു രാവിലെ പറമ്പിലൂടെ ചുറ്റിനടക്കുകയായിരുന്നു. അപ്പോഴതാ കരിയിലകൾക്കിടയിൽ ഒരു അനക്കം. അവൻ സൂക്ഷിച്ചുനോക്കി. ഒരു കല്ല് നടന്നുപോകുന്നു. അവൻ അത്ഭുതത്തോടെ നോക്കിയപ്പോഴാണ് അറിയുന്നത്, അതൊരു ആമയാണെന്ന്. അവൻ വേഗം ചെന്ന് ആമയെ പിടികൂടി.

പെട്ടെന്ന് ആമച്ചാര് തന്റെ തലയും കാലുമെല്ലാം ഉള്ളിലേക്ക് വലിച്ചുകളഞ്ഞു.

“ശ്ശെടാ”, ജിനു നിരാശയോടെ ആമയെ കൈയ്യിലെടുത്ത് തിരിച്ചും മറിച്ചും നോക്കി.

“ഹും, ഇവനെ ഇങ്ങനെ വിട്ടാൽ പറ്റില്ല.” ജീനു ഒരു ചുള്ളിക്കമ്പ് എടുത്ത് ആമത്തോടിനുള്ളിലേക്ക് കുത്താൻ തുടങ്ങി. എത്ര കുത്തിയിട്ടും ആമയുണ്ടോ തലയും കാലും പുറത്തിടുന്നു? ഇതു കണ്ടുകൊണ്ടാണ് ജിനുവിന്റെ അച്ഛൻ അങ്ങോട്ടു വന്നത്.

“ജിനൂ, നീ ആമയെ കുത്തിക്കൊല്ലല്ലേ. ഇങ്ങു താ. അവൻ തല പുറത്തിടുന്നത് ഞാൻ കാണിച്ചുതരാം!”

ജിനു ആമയെ അച്ഛന്റെ കൈയ്യിൽ കൊടുത്തു. അച്ഛൻ ആമയേയുംകൊണ്ട് വീട്ടിലേക്ക് നടന്നു. എന്നിട്ട് മേശപ്പുറത്ത് ആമയെ വെച്ചിട്ട് ജിനുവിനെയും കൊണ്ട് ദൂരെ മാറി നിന്നു.

അല്പം കഴിഞ്ഞപ്പോഴതാ ആമച്ചാർ തല നീട്ടുന്നു. പിന്നെ കാലുകളും.

“ഹയ്യട, ദേ, ആമ നടക്കുന്നു!”, ഇത് കണ്ട് ജിനു തുള്ളിച്ചാടി.

അപ്പോൾ അച്ഛൻ പറഞ്ഞു: “ജിനൂ, നീ എത്ര ശ്രമിച്ചിട്ടും ആമ തല പുറത്തിട്ടില്ലല്ലോ? ഇപ്പോഴിതാ തലയും നീട്ടി നടക്കുന്നത് കണ്ടില്ലേ? ഇതുപോലെയാണ് നമ്മൾ മനുഷ്യരുടെ കാര്യവും!”

“ബലം പ്രയോഗിച്ചും നിർബ്ബന്ധിച്ചും മറ്റുള്ളവരെ കൊണ്ട് നമുക്ക് ഒന്നും ചെയ്യിക്കാനാവില്ല. അവർക്ക് സമയവും സമാധാനവും സ്നേഹവും കൊടുത്തുനോക്കൂ. നമ്മൾ ആഗ്രഹിക്കുന്നതുപോലെ അവർ പെരുമാറും!” ഇത് പറഞ്ഞു അവർ ആമയെ പുറത്തേക്ക് ഇറക്കിവിട്ടു.

## വിശ്വാസവഞ്ചന



**ന**സറുദ്ദീൻ മുല്ലയ്ക്ക് ഒരു അയൽക്കാരൻ ഉണ്ട്. ആളുകളെ പറ്റിക്കലാണ് അയാളുടെ വിനോദം. ഒരിക്കൽ അയൽക്കാരൻ മുല്ലയുടെ വീട്ടിൽ എത്തി. “മുല്ലാ, എനിക്ക് അത്യാവശ്യമായി ഒരു സ്വർണ്ണനാണയം കടം തരണം. പെട്ടെന്ന് തന്നെ തിരിച്ചു തന്നോളാം!”, അയാൾ അപേക്ഷാസ്വരത്തിൽ പറഞ്ഞു.


മുല്ല ഒരുനിമിഷം ആലോചിച്ചു. ‘നാണയം കടം കൊടുത്താൽ അത് ഇയാൾ ഒരിക്കലും തിരികെ തരില്ല. ചിലപ്പോൾ അതുമായി നാടുവിട്ടുപോയെന്നും വരാം. എങ്കിലും പിന്നീടുള്ള ശല്യം ഇല്ലാതാവുമല്ലോ. അതിനാൽ സ്വർണ്ണനാണയം കൊടുത്ത് ഇയാളുടെ ശല്യം എന്നെന്നേക്കുമായി ഒഴിവാക്കുന്നതാണ് ബുദ്ധി.’

മുല്ല അയൽക്കാരന് സ്വർണ്ണനാണയം നൽകി. അയാൾ അതുമായി പോയി. കുറച്ചുനാൾ കഴിഞ്ഞതും അയൽക്കാരൻ മുല്ലയുടെ വീട്ടിലെത്തി. സ്വർണ്ണനാണയം തിരികെ നൽകാൻ വന്നതായിരുന്നു അയാൾ. നാണയം തിരികെ നൽകി മുല്ലയുടെ വിശ്വാസം നേടിയശേഷം വലിയൊരു തുക കടം വാങ്ങി അതുമായി സ്ഥലംവിടാൻ ആയിരുന്നു അയൽക്കാരന്റെ പദ്ധതി. ബുദ്ധിമാനായ മുല്ലയ്ക്ക് ഇക്കാര്യം പെട്ടെന്ന് പിടികിട്ടി. സ്വർണ്ണനാണയം തിരികെ വാങ്ങിയശേഷം മുല്ല അയാളോട് കയർത്തു: “ഹും, പെട്ടെന്നുതന്നെ ഇവിടെനിന്ന് പൊയ്ക്കോ. തന്നെപ്പോലെയുള്ള വിശ്വാസവഞ്ചകന്മാരുമായി ഇനി ഒരു ഇടപാടും ഇല്ല.” അയൽക്കാരൻ ഇതുകേട്ട് അന്തംവിട്ടു. “അങ്ങെന്താണീ പറയുന്നത് മുല്ലാ? ആര് വിശ്വാസവഞ്ചന കാട്ടി? ഞാൻ സ്വർണ്ണനാണയം തിരികെ തരികയല്ലേ ചെയ്തത്?”

“ ഒന്നല്ല, രണ്ടു വിശ്വാസവഞ്ചനകളാണ് നിങ്ങൾ എന്നോട് ചെയ്തത്.” മുല്ല പറഞ്ഞു: “നിങ്ങൾ ഒരിക്കലും സ്വർണ്ണനാണയം തിരികെ തരില്ലെന്നായിരുന്നു എന്റെ ഉറച്ച വിശ്വാസം. അത് നിങ്ങൾ തകർത്തു. അതാണ് ഒന്നാമത്തെ വഞ്ചന.” വാപൊളിച്ചു നിൽക്കുന്ന അയൽക്കാരനെ നോക്കി മുല്ല കൂട്ടിച്ചേർത്തു: “നിങ്ങൾ എന്റെ നാണയവുമായി നാടുവിട്ടുപോകുമെന്ന് ഞാൻ ഉറപ്പിച്ചു. ആ വിശ്വാസവും നിങ്ങൾ ഇല്ലാതാക്കി. ഇതുപോലെ വിശ്വാസവഞ്ചനകൾ ചെയ്യുന്ന നിങ്ങളുമായി ഇനിമേലിൽ യാതൊരു ചങ്ങാത്തവും ഇല്ല. വേഗം സ്ഥലംവിട്ടോ.”

തന്റെ പദ്ധതികൾ എല്ലാം എട്ടുനിലയിൽ പൊട്ടി എന്നു മനസ്സിലായ അയൽക്കാരൻ ഇളിഭ്യനായി അവിടെനിന്നും മടങ്ങി.

## വൈറസും വാക്സിനും



**ന**മ്മുടെ ശരീരത്തിൽ രോഗാണുക്കളും വൈറസുമൊക്കെ കയറിയാൽ ഓടിച്ചെന്ന് അവയുടെ ‘കഥ കഴിക്കുന്ന’ ചിലരുണ്ട്. ആന്റിബോഡി (Antibody) എന്നാണിവരുടെ പേര്. പ്രത്യേകതരം പ്രോട്ടീനാണ് ആന്റിബോഡി.

ആന്റിബോഡി രോഗാണുക്കളെ ഒരു പ്രത്യേക ‘കുരുക്കിൽ’പ്പെടുത്തും. പിന്നീട് മറ്റു കോശങ്ങളിലേക്ക് പകരാതെ നശിപ്പിക്കും.

നമ്മുടെ ശരീരത്തിലെ വെളുത്ത രക്താണുക്കളാണ് ആന്റിബോഡി ഉൽപ്പാദിപ്പിക്കുന്നത്. ശരീരത്തിൽ കടക്കുന്ന വൈറസുകളുടെയും ബാക്ടീരിയകളുടെയും സ്വഭാവം അനുസരിച്ച് ആന്റിബോഡിയും പല തരത്തിലായിരിക്കും.

ചില രോഗങ്ങൾക്കെതിരെ ആന്റിബോഡി നിർമ്മിച്ചത് രക്താണുക്കൾ ‘ഓർത്തിരിക്കും.’ പിന്നീട് ആ രോഗത്തിന്റെ അണുക്കൾ ശരീരത്തിൽ കയറിയാലുടൻ അവരെ നേരിടേണ്ട ആന്റിബോഡികളെ നിർമ്മിക്കും. ഒരിക്കൽ വന്ന ചില രോഗങ്ങൾ പിന്നീട് ബാധിക്കാതിരിക്കുന്നത് ഇതിനാലാണ്.

എന്നാൽ ചില വൈറസുകളുടെ ജനിതകഘടന മാറിക്കൊണ്ടിരിക്കും. ഇത്തരം ‘അപ്ഡേറ്റഡ്’ വൈറസുകളും മറ്റും ശരീരത്തിനകത്തു കടന്നാൽ അതിനെ തിരിച്ചറിയാൻ നമ്മുടെ ശരീരത്തിനാവില്ല. തിരിച്ചറിഞ്ഞിട്ടു വേണ്ടേ ആന്റിബോഡി ഉണ്ടാക്കി നേരിടാൻ! ഈ വൈറസുകൾ വഴി നമുക്ക് രോഗബാധ ഉണ്ടാകുകയും ചെയ്യും.

ഇത്തരം വൈറസുകളെ നേരിടാൻ ‘പുറത്തുനിന്ന് ഒരാൾ’ വന്ന് വെളുത്ത രക്താണുക്കളെ പരിശീലിപ്പിക്കേണ്ടിവരും. ഈ പരിശീലകരാണ് വാക്സിനുകൾ.




Chicken, Whiz, Couch Potato and Party Animal. What do they mean? Let's find out from the character hints given below.

### Whiz
He is a star in the class and always win the talent shows



### Couch Potato
He never cares to do anything productive and often wastes time watching TV.





### Chicken
He always seek other's help and is afraid of doing something alone or daring.



### Party Animal
He is too jovial and always loves to chill with friends.

Hope you get the meanings of these words now. (Whiz - Smart, Chicken-coward, Couch Potato-Lazy, Party Animal-Party lover). These are few slang words often used in English. Informal ആയി ഉപയോഗിക്കുന്ന പദങ്ങളെയാണ് Slang എന്ന് പറയുന്നത്. They may not be found in dictionary and related to specific group or locality. But they are essential part of spoken English.

## വെറ്ററിനറി

ജന്തുക്കളെ ചികിത്സിക്കുന്ന ഡോക്ടർമാരെ വെറ്ററിനറി ഡോക്ടർ എന്നാണല്ലോ വിളിക്കുക. ‘വെറ്ററിനാറിയസ്’ എന്ന ലാറ്റിൻ വാക്കിൽ നിന്നാണ് ഈ പേരു വന്നത്. ഇതിന്റെ അർത്ഥമെന്തെന്നോ? ‘ഭാരം ചുമക്കുന്ന മൃഗങ്ങളെ സംബന്ധിച്ചത്!’



# ന്യായവിധിയുടെ പ്രളയം





ജീവസന്ദേശം
ടി.എം. വർഗ്ഗീസ് ഓതറ

നോഹയെയും കുടുംബത്തേയും പെട്ടകത്തിനുള്ളിലേക്ക് അയച്ചതിനുശേഷം ലോകത്തിന്റെ ഭയങ്കരമായ ദുഷ്ടതയെ അതുവരെ കേട്ടുകേൾവിപോലുമില്ലാത്ത ഒരു മഹാപ്രളയത്താൽ ദൈവം ന്യായം വിധിച്ചു. പ്രളയം മനുഷ്യരെ മാത്രമല്ല, എല്ലാ മൃഗങ്ങളെയും കൊന്നുകളഞ്ഞു. നാൽപതു ദിനരാത്രങ്ങൾ മഴ പെയ്തശേഷം വെള്ളം സാവധാനത്തിൽ താഴുവാൻ തുടങ്ങി.

പെട്ടകത്തിന്റെ കിളിവാതിലിലൂടെ നോക്കിയ നോഹ പർവ്വതശിഖരങ്ങൾ കണ്ടെങ്കിലും ഒരു മലങ്കാക്കയെ പരിശോധനയ്ക്കായി പുറത്തുവിട്ടു. അതു ഭൂമിയിൽ വെള്ളം വറ്റിപ്പോയതുവരെ അവിടവിടെയായി പറന്നുകൊണ്ടിരുന്നു എന്ന് ഉൽപ്പത്തി 8-ന്റെ 7-ൽ പറയുന്നു. പെട്ടകത്തിലേക്കു മടങ്ങേണ്ട ആവശ്യമില്ലാതെ ജീവിക്കുവാൻ ആവശ്യമായതെല്ലാം വെളിയിൽ കണ്ടെത്തിയ മലങ്കാക്കയുടെ ചിത്രമാണ് ഇവിടെ നമുക്കു ലഭിക്കുന്നത്.

ഭൂമി വാസയോഗ്യമായോ എന്ന് അപ്പോഴും നോഹയ്ക്ക് ഉറപ്പില്ലായിരുന്നു. അതിനാൽ രംഗനിരീക്ഷണം നടത്താൻ ഒരു പ്രാവിനെ പുറത്തേക്കു വിട്ടു. ഇത്തവണ ചുണ്ടുകളിൽ ഒരു പച്ച ഒലിവിലയുമായി പ്രാവ് അതാ മടങ്ങിവരുന്നു. വീണ്ടും പച്ചത്തലപ്പുകൾ ഭൂമിയിൽ പ്രത്യക്ഷമായി എന്നു നോഹ മനസ്സിലാക്കി. വീണ്ടും ഒരാഴ്ചയ്ക്കുശേഷം പ്രാവിനെ പുറത്തേക്കു വിട്ടെങ്കിലും അതു പിന്നെ മടങ്ങിവന്നില്ല. ഒരു കൂടുകൂട്ടുവാനും ഭക്ഷണം ലഭിക്കാനും പ്രാവ് വഴികണ്ടെത്തിയിരുന്നു എന്നു വ്യക്തം.





പെട്ടകത്തിന്റെ പുറത്തേക്കുവിട്ട മലങ്കാക്കയ്ക്കു വെള്ളത്തിൽ ചത്തുപൊങ്ങിയ മൃതശരീരങ്ങൾ ആഹാരമായിക്കിട്ടിയതുകൊണ്ടാകാം മടങ്ങിവരാതിരുന്നത്. ഏതെങ്കിലും പർവ്വതശിഖരത്തിലെ വിള്ളലിൽ കൂടുകെട്ടി മൃതശരീരം ഭക്ഷിച്ചുകഴിയാൻ കാക്കയ്ക്കു കഴിഞ്ഞു. ന്യായവിധിയുടെ പ്രളയം ധാരാളം ഭക്ഷണം ലഭിക്കാൻ മുഖാന്തരമാവുകയും ചെയ്തു. പ്രാവിനു മൃതശരീരങ്ങൾ ഭക്ഷിക്കാൻ കഴിയുകയില്ല. പച്ചിലയാണ് പ്രാവിന്റെ പ്രധാന ആഹാരം. മനുഷ്യരുടേയും മൃഗങ്ങളുടെയും ചീഞ്ഞ മാംസത്തോട് പ്രാവിനു യാതൊരു താല്പര്യവുമില്ല. ജീവന്റെ മുകുളങ്ങൾ കാണുന്നതുവരെ പ്രാവിനു പെട്ടകത്തിലേക്കു മടങ്ങുകയല്ലാതെ ഗത്യന്തരമില്ലായിരുന്നു.

നമ്മുടെ ജീവിതത്തിൽ ഈ കാര്യങ്ങൾക്ക് എന്താണ് പ്രസക്തി? നോഹ ജലപ്രളയത്തിൽനിന്നു രക്ഷപെടുന്നത് ക്രിസ്തീയ സ്നാനത്തിന് ഒരു നിഴലായിക്കരുതാം. പത്രോസിന്റെ ലേഖനത്തിൽ അങ്ങനെ പറഞ്ഞിരിക്കുന്നു. നോഹ ജലപ്രളയത്തിൽ നിന്നു പുറത്തുവന്ന് ഒരു പുതിയ ജീവിതത്തിനു തുടക്കമിട്ടതുപോലെ നാമും ക്രിസ്തുവിന്റെ കർത്തൃത്വം അംഗീകരിക്കുമ്പോൾ ക്രിസ്തുവിൽ ഒരു പുതുജീവിതം തുടങ്ങുകയാണ്. നാം യേശുവുമായി ഒരു പുതുജീവിതം തുടങ്ങുന്നതിന്റെ ബാഹ്യമായ ഒരു സാക്ഷ്യമാണ് സ്നാനം. ആന്തരികമായ ഒരു തിരഞ്ഞെടുപ്പിന്റെ പരസ്യസാക്ഷ്യം.

ഈ പുതിയ ജീവിതം തുടങ്ങുമ്പോൾ നാം അഭിമുഖീകരിക്കേണ്ട ആദ്യത്തെ ചോദ്യം ഇതാണ്: നമ്മുടെ ജീവിതത്തെ കഴിഞ്ഞകാലങ്ങളിൽ നിയന്ത്രിച്ചിരുന്ന നിർജ്ജീവമായ കാര്യങ്ങളാണോ നമ്മുടെ തുടർന്നുള്ള ഭക്ഷണം? അതോ ദൈവത്തിന്റെ ജീവവചനം പുതുമയോടെ ഭക്ഷിക്കാൻ ദിനംപ്രതി നാം ആഗ്രഹിക്കുന്നുവോ? നോഹയുടെ കാലത്തെ മലങ്കാക്കയെപ്പോലെ ഈ ലോകത്തിന്റെ ചീഞ്ഞുനാറുന്ന വസ്തുക്കളാണോ നാം ഭക്ഷണത്തിനായി തിരഞ്ഞെടുക്കുന്നത്? അതോ പരിശുദ്ധാത്മാവു നിറഞ്ഞവരായി (പ്രാവ് പരിശുദ്ധാത്മാവിന്റെ ചിത്രമാണല്ലോ) ദൈവവചനത്തിലും അവിടുത്തെ വാഗ്ദാനങ്ങളിലും നാം ജീവിക്കുമോ? നോഹ നമുക്കൊരു മാതൃകയാണ്. കാക്കയെ കാണാതെ വന്നപ്പോൾ പെട്ടകം വിട്ടു പുറത്തുപോകുവാൻ നോഹ തീരുമാനിച്ചില്ല. ഈ കാലഘട്ടത്തിലെ ആത്മീയ മനുഷ്യനും നോഹയെപ്പോലെ ലോകത്തിന്റെ നിർജ്ജീവമായ അഴുകിയ കാര്യങ്ങളിൽ തല്പരനാകാതെ ഭക്ഷിപ്പാൻ ജീവനുള്ള ദൈവവചനം ലഭിക്കുംവരെ കാത്തിരിക്കുന്നവനാണ്. നോഹയെപ്പോലെ നമ്മുടെ മുമ്പിലും ഒരു തിരഞ്ഞെടുപ്പുണ്ട്. യേശുവിനെ അനുഗമിപ്പാൻ തീരുമാനിച്ച നാമും ലോകത്തിനു മരിച്ചവരാണെന്നു സ്നാനത്തിലൂടെ പരസ്യമാക്കുകയാണു ചെയ്തത്. എന്നാൽ അതു തുടക്കം മാത്രമാണ്, ആദ്യ ചുവടു മാത്രമാണ്.

നാം സ്നാനജലത്തിൽ നിന്നു പുറത്തുവന്നശേഷം, നാം നമ്മുടെ യഥാർത്ഥ ജീവിതത്തിലേക്കു പ്രവേശിക്കുമ്പോഴാണ് നമ്മുടെ പുത്തൻജീവിതം പരിശുദ്ധാത്മാവിൽ നയിക്കുവാൻ നാം പരീക്ഷിക്കപ്പെടുന്നത്. ഓരോ ദിവസവും ഓരോ മണിക്കൂറും നമ്മുടെ ചെറിയ തിരഞ്ഞെടുപ്പുകളിൽ നാം പരീക്ഷിക്കപ്പെടുകയാണ്. നാം കാണുന്ന കാര്യങ്ങൾ, ശ്രദ്ധിക്കുന്ന കാര്യങ്ങൾ, ആരോടൊത്ത് സമയം ചെലവഴിക്കുന്നു എന്നത്, നാം എന്തിനെയാണ് അമൂല്യമായി കരുതുന്നത്, നമ്മുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ഇതിലെല്ലാം നാം പരീക്ഷിക്കപ്പെടുന്നുണ്ട്. നമ്മിൽ ചിലർ ഈ മേഖലകളിൽ ദയനീയമായി പരാജയപ്പെട്ടവരാണ്. വർഷങ്ങൾക്കു മുമ്പേ സ്നാനമേറ്റവരെങ്കിലും യേശുവിനോടു ചേരുന്നതായി പ്രഖ്യാപിച്ച നമ്മിൽ പലരും ലോകത്തെയും അതിന്റെ ചത്ത വ്യവസ്ഥിതികളെയും സ്ഥിരതയോടെ തള്ളിക്കളയാതെ ജീവിക്കുന്നവരാണ്. ഒരു സമയത്ത് നാം ജീവന്റെ പുതുക്കത്തിൽ നടന്നവരാകാം. എന്നാൽ ഇന്നു ലോകത്തിന്റെ ചീഞ്ഞുനാറുന്ന സന്തോഷങ്ങൾ ആസ്വദിക്കുന്നവരായി നാം അധഃപതിച്ചിട്ടുണ്ടോ? എങ്കിൽ നാം മലങ്കാക്കയെപ്പോലെയാണിന്ന്. നമ്മുടെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കി നാം അനുതപിക്കണം. ഈ അവസ്ഥയെപ്പറ്റി ആഴമായ ഒരു വെറുപ്പുണ്ടാകണം. വെറും ദുഃഖത്തിലൊതുക്കാതെ ക്രിസ്തുവിലുള്ള പുതുജീവൻ അന്വേഷിക്കുന്നവരാകണം. അപ്പോൾ മാത്രമേ അനുതാപം നമ്മിൽ നടക്കുന്നു എന്നു പറയാൻ കഴിയൂ.

നമ്മുടെ ജീവിതത്തെ പ്രാവുപോലെ ആക്കാൻ നാം ദൈവത്തെ അന്വേഷിക്കണം. നമ്മെ വീണ്ടും പരിശുദ്ധാത്മാവിനാൽ നിറച്ച് ദൈവഹിതത്താൽ നമ്മുടെ ഹൃദയങ്ങൾ ഭരിക്കപ്പെടുവാനായി പ്രാർത്ഥിക്കണം. പ്രാവിനെപ്പോലെയുള്ള നിർമ്മലതയ്ക്കായി വർദ്ധിച്ച ദാഹം ദൈവം നമുക്കു നൽകും. യേശുവിനോടൊപ്പമുള്ള നടപ്പിലൂടെ യേശുവിന്റെ മനസ്സു നാം കൈവരിക്കും.

ദൈവം ഈ കാര്യത്തിനായി നിങ്ങളെയും എന്നെയും സഹായിക്കട്ടെ.



# ജയിലറെ കീഴടക്കിയ പുഞ്ചിരി



യുദ്ധത്തിന്റെ അവസരത്തിൽ ശത്രുക്കളാൽ പിടിക്കപ്പെട്ട ആന്റൺ ജയിലിലടയ്ക്കപ്പെട്ടു. അധികം താമസിയാതെ അദ്ദേഹത്തിനെതിരെ വിധിയുണ്ടായി. വധശിക്ഷ! വധശിക്ഷ ഏറ്റുവാങ്ങാൻ ഒരു ദിവസംകൂടി മാത്രം. ഇരുമ്പഴികൾക്കുള്ളിൽ ആസന്നമായ വധശിക്ഷയെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ ആന്റൺ പെട്ടെന്നു ഭയംകൊണ്ടു വിറച്ചു. തന്നെ മാനസികമായി തകർക്കുന്ന ചിന്തകളിൽനിന്നു മുക്തി നേടാൻ ആന്റൺ തീരുമാനിച്ചു. അപ്പോഴാണു കാവൽ നിൽക്കുന്ന ജയിലറെ ആന്റൺ ശ്രദ്ധിച്ചത്.



“താങ്കൾ സുഖമായിരിക്കുന്നുവോ?” - അകലെ നിന്നിരുന്ന ജയിലറോട് ആന്റൺ ഉറക്കെ വിളിച്ചുചോദിച്ചു. അയാൾ മറുപടി ഒന്നും പറയാതെ ആന്റണിന്റെ അരികിലേക്കു ചെന്നു. ആന്റൺ ആ ജയിലറുടെ മുഖത്തേക്കു നോക്കി. പെട്ടെന്ന് അവരുടെ കണ്ണുകൾ പരസ്പരം ഉടക്കി. അപ്പോൾ ആന്റൺ ചെറുതായി ഒന്നു പുഞ്ചിരിച്ചു. ഭയം മറയ്ക്കാൻ ശ്രമിച്ചതിന്റെ ഭാഗമായിട്ടായിരുന്നിരിക്കണം ആന്റണിന്റെ പുഞ്ചിരി പുറത്തുവന്നത്.

പക്ഷേ, ആ പുഞ്ചിരി ജയിലറുടെ ഹൃദയത്തെ സ്പർശിച്ചു. അപ്പോൾ അയാളിൽ നിന്ന് ഒരു പുഞ്ചിരി പുറത്തുവന്നു. ജയിലറുടെ പുഞ്ചിരി കണ്ടപ്പോൾ ആന്റൺ തുടർന്നും അറിയാതെ പുഞ്ചിരിച്ചു.

അല്പസമയത്തിനുശേഷം അയാൾ ആന്റണിനോടു ചോദിച്ചു: “നിങ്ങൾക്കു കുട്ടികളുണ്ടോ?” പെട്ടെന്ന് ആന്റൺ തന്റെ പോക്കറ്റിൽ നിന്നു ചെറിയ ഒരു കുടുംബ ഫോട്ടോ എടുത്തു ജയിലറെ കാണിച്ചു. അപ്പോൾ, അയാളും തന്റെ കുടുംബത്തിന്റെ ഫോട്ടോ കാണിച്ചു.

ആ കുടുംബഫോട്ടോകളിൽ മാറിമാറി നോക്കുമ്പോൾ ആന്റണിന്റെ കണ്ണുകൾ നിറഞ്ഞു. തനിക്ക് ഇനി ഒരിക്കലും തന്റെ ഭാര്യയെയും കുട്ടികളെയും കാണുവാൻ സാധിക്കുകയില്ലല്ലോ എന്നുപറഞ്ഞ് ആന്റൺ വിലപിച്ചു. ആന്റണിന്റെ കണ്ണീരു കണ്ടപ്പോൾ ജയിലറുടെയും കണ്ണുനിറഞ്ഞു. അയാൾ ഒന്നും പറയാതെ പെട്ടെന്നു ജയിൽ തുറന്ന് ആന്റണിനെ രക്ഷപ്പെടാൻ അനുവദിച്ചു. എന്നുമാത്രമല്ല, സുരക്ഷിതമായി നഗരത്തിനു പുറത്തുകടക്കുവാൻ കൂടി ജയിലർ അദ്ദേഹത്തെ സഹായിച്ചു.

“ഒരു പുഞ്ചിരി വഴി എന്റെ ജീവിതം രക്ഷപ്പെട്ടു” - ഈ അനുഭവത്തെക്കുറിച്ച് ആന്റൺ എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്. ഹൃദയത്തിൽ നിന്നുള്ള പുഞ്ചിരി. അങ്ങനെയൊരു പുഞ്ചിരി കണ്ടാൽ ആർക്കാണ് അത് അവഗണിക്കാൻ സാധിക്കുക? ഹൃദയത്തിൽ നിന്നുവരുന്ന പുഞ്ചിരി കാണാനിടയായാൽ നമ്മുടെ ഹൃദയവും തുടിക്കുമെന്നു തീർച്ചയാണ്. ഹൃദയത്തിന്റെ ആ തുടിപ്പ് നാം അറിയാതെ നമ്മുടെ ചുണ്ടുകളിൽ പ്രതിഫലിക്കുകയും ചെയ്യും.

എന്റെയും നിങ്ങളുടെയും ഹൃദയം ഒരുപോലെയുള്ളതാണ്. അതുപോലെ, എന്റെയും നിങ്ങളുടെയും ഹൃദയത്തിനു ശരിക്കു മനസ്സിലാകുന്ന ഭാഷ ഒന്നേയുള്ളൂ– സ്നേഹത്തിന്റെ ഭാഷ!. സ്നേഹത്തിന്റെ ഭാഷയിലെ ആദ്യവാക്കാണ് പുഞ്ചിരി.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# എവിടെയാണ് രൂപാന്തരം



'മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ' ഒരു ചെറിയ വചനം. പക്ഷേ എന്തൊരു ശക്തിയാണതിന്!

രൂപാന്തരത്തിൽ എപ്പോഴും അത്ഭുതത്തിന്റെ ഒരു ഘടകം ഉണ്ട്. ഒരു പുഴു പ്യൂപ്പയുടെ ധ്യാനാവസ്ഥയിലൂടെ കടന്ന് ഒരു സുപ്രഭാതത്തിൽ ചിത്രശലഭമായി ചിറകു വിടർത്തി പറന്നുപോകുന്നതിൽ അത്ഭുതമല്ലെങ്കിൽ മറ്റെന്താണുള്ളത്? പാപിയായിരുന്ന ഒരുവൻ പുതുജനനത്തെ തുടർന്ന് വിശുദ്ധനായിത്തീരുന്നതും ഇതുപോലെതന്നെ ഒരത്ഭുതമാണ്.

രൂപാന്തരമാണ് സുവിശേഷത്തിന്റെ ഹൃദയം. മനുഷ്യനു മാറാൻ കഴിയും; മനുഷ്യനു രൂപാന്തരം ഉണ്ടാകും എന്നതിന്റെ അടിസ്ഥാനത്തിലാണ് നാം പാപികളോടു സുവിശേഷം പ്രഘോഷിക്കുന്നത്. ഒരു പാപി രക്ഷകനെ കണ്ടുമുട്ടിയതിനു ശേഷമോ? തുടർന്നും അവൻ രൂപാന്തരപ്പെട്ടുകൊണ്ടേയിരിക്കണം. അതുകൊണ്ടാണല്ലോ നിങ്ങൾ മനസ്സുപുതുക്കി രൂപാന്തരപ്പെടുവിൻ എന്നു പൗലോസ് 'സഹോദരന്മാരെ' പ്രബോധിപ്പിക്കുന്നത്.



എന്നാൽ രൂപാന്തരത്തെക്കുറിച്ചു പൗലൊസ് ഇവിടെ പറയുന്നത് ആരാധനയെക്കുറിച്ചു പറയുന്നതിന്റെ ഭാഗമായാണ് എന്നു നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? ആരാധനയ്ക്ക് ഒരു നിർവ്വചനം നൽകുമ്പോൾ പൗലൊസിനു രൂപാന്തരത്തെക്കുറിച്ചു പറയാതിരിക്കാനാവുന്നില്ല. 'സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നത്: നിങ്ങൾ ബുദ്ധിയുള്ള ആരാധാനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ' (റോമ.12:1,2).

ഇവിടെ ശരീരങ്ങളെ ദൈവത്തിനു യാഗമായി അർപ്പിക്കുക എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം എന്താണ്? റോമർ 6:13-ൽ അത് ഇങ്ങനെ വിശദീകരിക്കുന്നു: 'നിങ്ങളുടെ അവയവങ്ങളെ മുൻപ് പാപത്തിനു സമർപ്പിച്ചിരുന്നതുപോലെ ഇപ്പോൾ നീതിക്കായി നിങ്ങളുടെ അവയവങ്ങളെ സമർപ്പിക്കുവിൻ.' നമ്മുടെ നാവ്, കണ്ണ് തുടങ്ങിയ അവയവങ്ങളെ നീതിക്കായി അർപ്പിക്കുക എന്നുപറഞ്ഞാൽ അതിന്റെ പ്രായോഗികതലം എങ്ങനെയാണ്? കണ്ണുകൾകൊണ്ട് മോഹിക്കുവാൻ പരീക്ഷിക്കപ്പെടുന്ന സന്ദർഭത്തിൽ ആ ആഗ്രഹത്തെ നിഷേധിക്കുമ്പോൾ കണ്ണിനെ ജീവനുള്ള യാഗമായി ദൈവത്തിന് അർപ്പിക്കുകയാണ്. പ്രത്യേക സാഹചര്യത്തിൽ ഭോഷ്ക്കു പറയുവാനോ ദേഷ്യത്തോടെ കഠിനവാക്കുകൾ ഉപയോഗിക്കുവാനോ പ്രലോഭിപ്പിക്കപ്പെടുന്ന സാഹചര്യത്തിലാണ് നമ്മുടെ നാവിനെ ദൈവത്തോടുള്ള അനുസരണത്തിൽ യാഗമായി അർപ്പിക്കേണ്ടത്. ഇത് ജീവനോടെയുള്ള ഒരു ബലി ആണെന്നു പൗലോസ് ചൂണ്ടിക്കാട്ടുന്നു. ലോകത്തിന്റെ പ്രലോഭനങ്ങൾക്കു വഴിപ്പെടാതെ ദൈവത്തോടുള്ള സ്നേഹത്തിൽ നമ്മെ യാഗമായി അർപ്പിക്കുന്ന ഈ ആരാധനയിൽ രൂപാന്തരുണ്ട്. മനസ്സിനു പുതുക്കമുണ്ട്. ഇതു പലപ്പോഴും നടക്കുന്നത് ഒരു മീറ്റിംഗിൽ അല്ല; മറിച്ച് പ്രായോഗിക ജീവിത സാഹചര്യങ്ങളിലാണ്.

എന്നാൽ ഇന്നു സുവിശേഷവിഹിത സഭകളിൽ ആരാധനയെന്നു പറയുമ്പോൾ ഈ നിലയിൽ ഒരു കാഴ്ചപ്പാടു കാണുന്നില്ല. ആളുകൾ ഒന്നിച്ചു കൂടിവന്ന് പ്രാർത്ഥിക്കുകയോ പാടുകയോ ദൈവത്തെ സ്തുതിക്കുകയോ ചെയ്യുന്നതിൽ ഒതുങ്ങിനിൽക്കുന്നു അവരുടെ ആരാധനാസങ്കല്പ്പം. അങ്ങനെ ഒരു മീറ്റിംഗിൽ സംബന്ധിക്കുന്നതോടെ തങ്ങൾ ദൈവത്തെ ആരാധിച്ചുവെന്നും അതു ദൈവത്തിനു പ്രസാദകരമായെന്നുമുള്ള മിഥ്യാധാരണയിൽ ആളുകൾ മടങ്ങിപ്പോകുമ്പോൾ അവഗണിക്കപ്പെടുന്നത് യഥാർത്ഥ ആരാധനയിൽ അനിവാര്യമായി ഉണ്ടാകേണ്ട രൂപാന്തരമാണ്.

പഴയനിയമ ആരാധനയും ഈ നിലയിൽ ആയിരുന്നു. അവിടെ യാഗം കഴിക്കുന്നതായിരുന്നു ആരാധന. എന്നാൽ ആ ആരാധനയിലും ആരാധകനു മനസ്സിനു രൂപാന്തരം ഉണ്ടാകണമെന്നു നിർബന്ധമുണ്ടായിരുന്നില്ല. സമാഗമന കൂടാരത്തിൽ പാപപരിഹാരത്തിനായി യാഗം കഴിക്കാൻ പോകുന്ന ഒരുവനെ നോക്കുക. അവനു താൻ ചെയ്ത പാപത്തെക്കുറിച്ചു പശ്ചാത്താപവും ഹൃദയത്തകർച്ചയും വേണമെന്നില്ല. ചട്ടമനുസരിച്ചുള്ള യാഗമൃഗത്തെ കൊണ്ടുവന്നു നിയമാനുസരണം യാഗം നടത്തിയാൽ പാപപരിഹാരമായി. (എന്നാൽ പഴയ ഉടമ്പടിയുടെ കാലത്താണ് ജീവിച്ചിരുന്നതെങ്കിലും പുതിയ ഉടമ്പടിയുടെ ആത്മാവിൽ ജീവിച്ചിരുന്ന ദാവീദ് അന്നേ പുതിയനിയമ ആരാധനയുടെ മർമ്മം ഈനിലയിൽ വെളിപ്പെടുത്തുന്നു: 'ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്, തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവമേ നീ നിരസിക്കുകയില്ല' (സങ്കീ.52:17).

ചുരുക്കത്തിൽ പുതിയനിയമ കാലഘട്ടത്തിലാണെങ്കിലും രൂപാന്തരത്തിന്, പുതുക്കത്തിന്, ഊന്നൽ നൽകാതെ നടത്തുന്ന 'ആരാധന' പഴയനിയമ ആരാധനയാണെന്നു പറയേണ്ടിവരും. അങ്ങനെയെങ്കിൽ ഇന്നു പല സുവിശേഷവിഹിത സഭകളിലും നടക്കുന്നത് പഴയനിയമ ആരാധനയല്ലേ? തിങ്കൾ മുതൽ ശനിവരെ പ്രലോഭനങ്ങളുടെ മുൻപിൽ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമാക്കി ബുദ്ധിയുള്ള ആരാധന നടത്താതെ ഞായറാഴ്ച രണ്ടുമണിക്കൂർ ആരാധന എന്ന പ്രകടനം (performance) നടത്തിയാൽ എവിടെയാണ് രൂപാന്തരം? എവിടെയാണ് ജീവബലി?

ജഡത്തിന്റെ ഇഷ്ടത്തെ നിഷേധിക്കുന്നത് അൽപ്പം പ്രയാസമുള്ള കാര്യമാണല്ലോ. അതിനേക്കാൾ എളുപ്പമുള്ളത് ആരാധന എന്ന പേരിൽ ഒരഭ്യാസം നടത്തിയിട്ട് എന്തോ നേടി എന്ന സ്വയതൃപ്തിയോടെ ജീവിക്കുന്നതല്ലേ? ഈ എളുപ്പമാർഗ്ഗത്തെ പ്രശ്നങ്ങളിൽ നിന്നു വിടുതൽ കിട്ടാനുള്ള വഴിയായി ഇന്നു ചിത്രീകരിക്കുകയും ചെയ്യുന്നു! ഇതിനിടയിൽ ദൈവജനത്തിനു നഷ്ടമായിരിക്കുന്നതു പുതിയനിയമ ആരാധനയുടെ യാഥാർത്ഥ്യമാണ്.



# യഥാർത്ഥ പ്രവാചകൻ

"കർത്താവേ, അങ്ങ് എന്നെ വഞ്ചിച്ചിരിക്കുന്നു; ഞാൻ വഞ്ചിതനായി. അങ്ങ് എന്നെക്കാൾ ശക്തനാണ്. അങ്ങ് വിജയിച്ചിരിക്കുന്നു. ദിവസം മുഴുവൻ ഞാൻ പരിഹാസപാത്രമായി. എല്ലാവരും എന്നെ അപഹസിക്കുന്നു. വായ് തുറക്കുമ്പോഴൊക്കെ 'അക്രമം', 'നാശം' എന്നാണ് ഞാൻ വിളിച്ചുപറയുന്നത്. കർത്താവിന്റെ വചനം എനിക്ക് ഇടവിടാത്ത നിന്ദനത്തിനും പരിഹാസത്തിനും ഹേതുവായിരിക്കുന്നു. അവിടുത്തെപ്പറ്റി ഞാൻ ചിന്തിക്കുകയില്ല, അവിടുത്ത നാമത്തിൽ മേലിൽ സംസാരിക്കുകയില്ല എന്നു ഞാൻ പറഞ്ഞു. എന്നാൽ ഹൃദയത്തെ ദഹിപ്പിക്കുന്ന അഗ്നി എന്റെ അസ്ഥികൾക്കുള്ളിൽ അടച്ചിട്ടിരിക്കുന്നതുപോലെ എനിക്കനുഭവപ്പെട്ടു. അതിനെ അടക്കാൻ ശ്രമിച്ചു ഞാൻ തളർന്നു; എനിക്കു സാധിക്കുന്നില്ല" (യിരെ.20:7-9).

ഒരു പ്രവാചകന്റെ പരിദേവനമാണിത്. യിരമ്യാവ് പറയുന്നത്: "വായ് തുറക്കുമ്പോഴൊക്കെ എനിക്കു ജനത്തോടു പറയുവാൻ ഒരു സന്ദേശമേയുള്ളൂ. ദൈവം തന്ന സന്ദേശമാണത്. എന്നാൽ ഈ ഒരേയൊരു പ്രവചനം മാത്രം വിളിച്ചുപറയുന്നതിന്റെ ഫലമായി ഞാൻ നിരന്തരം നിന്ദയ്ക്കും പരിഹാസത്തിനും വിധേയനാകുന്നു. ഞാൻ മടുത്തു. അതുകൊണ്ടു മേലിൽ കർത്താവേ, അങ്ങയെപ്പറ്റി ഞാൻ ചിന്തിക്കുകയോ അങ്ങു തരുന്ന പ്രവചനവാക്യങ്ങൾ പ്രസ്താവിക്കുകയോ ചെയ്യുകയില്ല. എന്നാൽ ഹാ, കഷ്ടം! മിണ്ടാതിരിക്കുവാൻ എനിക്കു കഴിയുന്നില്ല. ഞാൻ മിണ്ടാതിരിക്കുമ്പോൾ എന്റെ ഹൃദയം തീ കത്തുന്നതുപോലെ. എന്റെ അസ്ഥികൾ വെന്തപോകുന്നതുപോലെ. ദൈവമേ, ഇതു ചതിയാണ്. എന്നെ എന്തിനാണ് ഇങ്ങനെയാക്കിത്തീർത്തത്? അങ്ങ് എന്നെ വഞ്ചിച്ചിരിക്കുന്നു. ഞാൻ വഞ്ചിതനായി!"

ഏത് യഥാർത്ഥ പ്രവാചകന്റെയും ദുര്യോഗമാണിത്. അയാൾക്കു തന്റെ കാലഘട്ടത്തോട് ഒരു സന്ദേശമുണ്ട്. ദൈവം തന്നെ നൽകിയ സന്ദേശം. അയാൾക്ക് അതടക്കിവയ്ക്കാൻ കഴിയുകയില്ല. എവിടെയും എപ്പോഴും അയാൾ അതുതന്നെ പറയുന്നു. ഫലം അയാൾ തെറ്റിദ്ധരിക്കപ്പെടുന്നു; പരിഹസിക്കപ്പെടുന്നു. പക്ഷേ അയാൾക്കു മിണ്ടാതിരിക്കുവാൻ കഴിയുകയില്ലല്ലോ. കാരണം അയാൾ ഒരു പ്രവാചകനാണ്!

പ്രവാചകദൗത്യം ഒരു ജോലിയല്ല; ഒരു നിയോഗമാണ്. ജോലിയായിരുന്നെങ്കിൽ മടുക്കുമ്പോൾ അല്ലെങ്കിൽ എതിർപ്പുകൾ ശക്തമാവുമ്പോൾ ഉപേക്ഷിച്ചുപോകാമായിരുന്നു. എന്നാൽ ഒരു നിയോഗം ആ നിലയിലല്ല. അതൊരു ദിവ്യവിളിയാണ്. യിരമ്യാവിനെ സംബന്ധിച്ച് ആ വിളി (calling) ഇങ്ങനെയായിരുന്നു: "കർത്താവ് എന്നോട് അരുളിച്ചെയ്തു... ഞാൻ നിന്നെ അറിഞ്ഞു... ഞാൻ നിന്നെ വിശുദ്ധീകരിച്ചു... ഞാൻ നിന്നെ നിയോഗിച്ചു" (1:4-10).

ഈ നിലയിലുള്ള വിളിയാണ്, വിളിയെക്കുറിച്ചുള്ള ഉറപ്പാണ് യഥാർത്ഥ പ്രവാചകന്റെ ശക്തി. അത് അദ്ദേഹത്തിന്റെ വാക്കുകൾക്കു കരുത്തു പകരുന്നു. തന്റെ ദൈവത്തെക്കുറിച്ചു നേരിട്ടുള്ള അറിവ് അദ്ദേഹത്തിനുണ്ട്. മറ്റൊരു പ്രവാചകൻ-ഏലിയാവ്-ദൈവത്തെക്കുറിച്ചു പറയുമ്പോഴൊക്കെ ഉപയോഗിക്കുന്ന ഒരു പദപ്രയോഗം ശ്രദ്ധിക്കുക: 'ഞാൻ സേവിച്ചുനിൽക്കുന്ന യിസ്രായേലിന്റെ ദൈവമായ യഹോവ' (1 രാജാ.17:1, 18:15). ദൈവത്തെ അറിയുകയും ദൈവത്താൽ അറിയപ്പെടുകയും ചെയ്യുക-യഥാർത്ഥ പ്രവാചകൻ വ്യാജപ്രവാചകനിൽ നിന്നു വേറിട്ടു നിൽക്കുന്നത് ഇവിടെയാണ്. വ്യാജപ്രവാചകനും ദൈവത്തിന്റെ നാമത്തിലാണ് പ്രവചിക്കുന്നതും വീര്യപ്രവൃത്തികൾ നടത്തുന്നതുമെല്ലാം. എന്നാൽ ദൈവം അവനെ അറിയുന്നില്ല (മത്താ.7:21-23).



സാധാരണ മനുഷ്യർക്കു അന്യമായ ദൈവത്തെക്കുറിച്ചുള്ള അറിവ്, ദൈവത്തിന്റെ സർവ്വശക്തി, സർവ്വാധിപത്യം (Soverignity) എന്നിവയെക്കുറിച്ചു വലിയ ബോധ്യം ദൈവം പ്രവാചകനു നൽകുന്നു (യെശയ്യാപ്രവാചകൻ ദൈവത്തെ സ്വർഗ്ഗത്തിൽ സിംഹാസനസ്ഥനായി കണ്ടത് ഓർക്കുക 6:1-3). അതുകൊണ്ടുതന്നെ 'വലിയവനായ ദൈവ'ത്തിനു ജനങ്ങൾ അവരുടെ ജീവിതത്തിൽ 'ചെറിയ സ്ഥാനം മാത്രം നൽകുമ്പോൾ പ്രവാചകൻ അസ്വസ്ഥനാകുന്നു. ദൈവത്തിന് അർഹമായ ഒന്നാം സ്ഥാനം (സകലത്തിലും മുമ്പനാകേണ്ടതിന്.... have preeminence - ഫിലി.1:3) നൽകുക എന്നതാണ് പ്രവാചകന്റെ ആഹ്വാനത്തിന്റെ കാതൽ.

യഥാർത്ഥ പ്രവാചകനു മിക്കപ്പോഴും ഒരൊറ്റ സന്ദേശമേയുള്ളു. ആ സന്ദേശത്താൽ അദ്ദേഹം പിടിക്കപ്പെട്ടിരിക്കുന്നു. എവിടെയും എപ്പോഴും അതല്ലാതെ മറ്റൊന്നു പറയുവാൻ അദ്ദേഹത്തിനില്ല. ഇക്കാരണത്താൽ യിരമ്യാവ് പരിഹാസത്തിനും നിന്ദനത്തിനും വിധേയനായത് ഓർക്കുക. പഴയനിയമത്തിലെ വലുതും ചെറുതുമായ പ്രവാചകന്മാരെല്ലാം (major and minor prophets) ഇങ്ങനെതന്നെയായിരുന്നു. പുതിയനിയമത്തിലേക്കു വരുമ്പോഴോ? പുതിയനിയമത്തിലെ ആദ്യ പ്രവാചകനായ യോഹന്നാൻ സ്നാപകനും ഒരൊറ്റ സന്ദേശമേ പ്രഘോഷിക്കുവാനുണ്ടായിരുന്നുള്ളൂ - 'സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൽ.'




# കമ്മ്യൂണിസവും ക്രിസ്തുമതവും

## സാംസൺ കോട്ടൂരിന് വേദാഭിമാനിയുടെ മറുപടി

**ദൈ**വത്തിൽ വിശ്വസിക്കാത്ത കമ്മ്യൂണിസ്റ്റുകാർക്ക് വോട്ട് ചെയ്യരുതെന്നും, അവരുടെ സഹായം പെന്തക്കോസ്തുകാർക്ക് ആവശ്യമില്ലെന്നും പറഞ്ഞ സാംസൺ കോട്ടൂരിനോടാണ് ഞങ്ങളുടെ ചോദ്യം... നിങ്ങൾ എങ്ങനെയാണ് പെന്തക്കോസ്ത് സമൂഹത്തിന്റെ പ്രതിനിധി ആകുന്നത്? യു.ഡി.എഫ്. ഏത് കാലത്താണ് പെന്തക്കോസ്തുകാരുടെ അവകാശങ്ങൾക്കുവേണ്ടി നിലകൊണ്ടിട്ടുള്ളത്? അവർ അധികാരത്തിൽ വന്നാൽ പെന്തക്കോസ്തുകാർക്ക് എന്തു പ്രയോജനം? ക്രിസ്തുമതം, ക്രിസ്തുമാർഗ്ഗമായി നിലകൊണ്ടിരുന്നെങ്കിൽ കമ്മ്യൂണിസം ഉടലെടുക്കുമായിരുന്നോ? രോഗമോ, അപകടമോ ഉണ്ടായി ആശുപത്രിയിലെത്തി ഡോക്ടറെ സമീപിച്ച് ചികിത്സ തേടുമ്പോൾ, ചികിത്സിക്കുന്ന ഡോക്ടർ ദൈവവിശ്വാസി ആണോ എന്ന് നിങ്ങൾ തിരക്കാറുണ്ടോ? ദൈവത്തിൽ മാത്രം ആശ്രയിച്ചിരുന്ന വിശുദ്ധ പൗലോസ് എന്തിനാണ് കൈസറിനെ അഭയം ചൊല്ലിയത്? റോഡരികിൽ ഒരു പേപ്പട്ടിയെ കണ്ടു ഭയന്ന് നിൽക്കുമ്പോൾ വടിയുമായി അതിനെ നേരിട്ട് നിങ്ങളെ സഹായിച്ചു രക്ഷപ്പെടുത്തുന്ന ഒരുവനോട് ദൈവവിശ്വാസി ആണോ എന്ന് പെന്തക്കോസ്തുകാർ ചോദിക്കാറുണ്ടോ? രക്തം വാർന്ന് റോഡരികിൽ കിടന്നു അവസാനം രക്തം തന്നു രക്ഷിച്ച വ്യക്തിയോട് ആരെങ്കിലും മതവും രാഷ്ട്രീയവും ചോദിക്കാറുണ്ടോ? ഞാൻ ഒന്ന് ചോദിക്കട്ടെ നിങ്ങൾ വിശന്നിരിക്കുന്നു. ഒരാൾ നിങ്ങൾക്ക് വിശപ്പു മാറ്റാൻ ആഹാരം കൊണ്ടുതരുന്നെങ്കിൽ എന്തിനാണ് അയാളുടെ വിശ്വാസവും





ജാതിയും മതവും രാഷ്ട്രീയവും നോക്കുന്നത്? നന്മ ചെയ്തയാൾക്ക് കൈകൂപ്പി ഒരു നന്ദി പറയുന്നതിൽ എന്താണ് തെറ്റ്? കർത്താവായ യേശുക്രിസ്തു എല്ലാ മനുഷ്യർക്കും വേണ്ടിയുമാണ് മരണം വരിച്ചത്. പക്ഷേ യേശുവിനെ സമീപിച്ചു ഹൃദയപൂർവ്വം വിശ്വസിക്കുന്നവർക്ക് മാത്രമേ രക്ഷ അനുഭവവേദ്യമാകുന്നുള്ളൂ.

അതുപോലെ ഒരു പ്രശ്നം വരുമ്പോൾ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയിലെ സഖാക്കളെ സമീപിച്ചാൽ ആ പ്രശ്നത്തിന് ഒരു പരിഹാരം ഉണ്ടാകും എന്നത് എനിക്കും ഇവിടുത്തെ പെന്തക്കോസ്ത് പ്രസ്ഥാനങ്ങൾക്കും വ്യക്തമായി അറിയാവുന്ന ഒരു കാര്യമാണ്. പെന്തക്കോസ്ത് നേതാക്കളോ, മറ്റു രാഷ്ട്രീയ പാർട്ടി നേതാക്കളോ ഒരു വിഷയത്തിൽ ഇടപെട്ടാൽ വെറുതെ ആളുകളിച്ച് പ്രഹസന കലാപരിപാടികൾ നടത്തിയിട്ട് പോകുന്നതല്ലാതെ ഒരു പ്രശ്നപരിഹാരം അവരിലൂടെ ഉണ്ടാകുന്നില്ല. എന്റെ അനുഭവത്തിൽ നിന്ന് പറയട്ടെ ഞാൻ മതതീവ്രവാദികളുടെ കോട്ടയ്ക്കുള്ളിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന വ്യക്തിയാണ്. എന്റെ വീടിനുനേരെ അവർ കല്ലെറിഞ്ഞിട്ടുണ്ട്. അമിട്ടും മറ്റും വീടിന്റെ വാതിൽക്കൽ കൊണ്ടുവന്ന് പൊട്ടിച്ചിട്ടുണ്ട്. വാഹനത്തോട് ഒപ്പം എന്നെ മറിച്ചിടാൻ ശ്രമിച്ചിട്ടുണ്ട്... ഇങ്ങനെ ധാരാളം ഉപദ്രവങ്ങൾ. ഇതൊക്കെ പിന്നീട് ആവർത്തിക്കാതിരുന്നത് കമ്മ്യൂണിസ്റ്റ് സഖാക്കളുടെ സമയോചിതമായ ഇടപെടൽ മൂലമാണ്. എനിക്ക് വ്യക്തമായി പറയാൻ കഴിയും മറ്റൊരു രാഷ്ട്രീയ പാർട്ടിയും പെന്തക്കോസ്തുകാരുടെ പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹാരം ഉണ്ടാക്കിയിട്ടില്ല. ഇനി അങ്ങനെ സംഭവിക്കാൻ പോകുന്നുമില്ല. പെന്തക്കോസ്തുകാരുടെ ആരാധന പ്രശ്നങ്ങളിൽ ഇടപെട്ടിട്ടുള്ള രണ്ടു മുഖ്യമന്ത്രിമാരെ നമുക്ക് ഉണ്ടായിട്ടുള്ളൂ. ഇ.കെ. നായനാരും, പിണറായി വിജയനും. പെന്തക്കോസ്തുകാരോട് എനിക്ക് പറയാനുള്ളത്... നാം സംഘടിതരല്ല.. ഏതു വഴിപോക്കനും നമ്മെ കല്ലെറിയാൻ കഴിയും. നമുക്കുവേണ്ടി ശബ്ദമുയർത്താൻ നമ്മുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കിത്തരാൻ സഭാ നേതാക്കന്മാർക്ക് കഴിയില്ല. ഒരു നിയമവും നമ്മെ തുണക്കയില്ല. ഈ സാഹചര്യത്തിൽ നമ്മെ ചേർത്തുനിർത്താൻ, നമുക്കുവേണ്ടി ശബ്ദം ഉയർത്തുവാൻ, പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കി തരുവാൻ ഇവിടെ ഒരേ ഒരു രാഷ്ട്രീയ പാർട്ടിയെ ഉള്ളൂ. അത് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയാണ്. സാംസൺ കോട്ടൂർ പറയുന്നതുപോലെ ശത്രുവിന്റെ മിത്രത്തെ ആശ്രയിച്ചാൽ നാം ചെന്നെത്തുന്നത് വേട്ടക്കാരന്റെ വലയിൽ ആയിരിക്കുമെന്ന് മറന്നുപോകരുത്. യു.ഡി.എഫ്.ന്റെ പ്രകടനപത്രികയിൽ പെന്തക്കോസ്തുകാരെ മുഖ്യധാരയിലേക്ക് ഉയർത്തുന്ന നടപടി ഉണ്ടാകും എന്ന് പറയുമ്പോൾ ഉയർത്തുന്നതും താഴ്ത്തുന്നതും എല്ലാം ക്രിസ്തുവാണ് സുധാകരനും സതീശനുമല്ല എന്ന് സാംസൺ കോട്ടൂർ ഇനിയെങ്കിലും മനസ്സിലാക്കണം. എന്റെ ഈ കുറിപ്പിൽ ആരും രാഷ്ട്രീയം കാണേണ്ട. വഞ്ചിക്കപ്പെടാതിരിക്കാൻ, നമ്മെ സഹായിക്കുന്നവർ ആരെന്ന അറിവ് നമുക്കു വേണം. അത് ബോധ്യപ്പെടുത്താനുള്ള ഒരു ശ്രമം മാത്രമാണിത്. ഇനി സാംസൺ കോട്ടൂരിനോട് ഞങ്ങൾക്ക് പറയാനുള്ളത്, മറുനാടന്റെ കമ്മ്യൂണിസത്തെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് താങ്കൾ കടലാസിൽ നോക്കി മറുപടി പറയുന്നതു കണ്ടപ്പോൾ, പ്രൊഫസർ രവിചന്ദ്രൻ അബ്രഹാമിന് പെട്ടകം ഉണ്ടായിരുന്നു എന്ന് പറഞ്ഞതുപോലെയുള്ള അറിവാണ് താങ്കൾക്കുള്ളത് എന്ന് മനസ്സിലായി. കമ്മ്യൂണിസവും ക്രിസ്തുമതവും എന്താണെന്ന് അറിയില്ലെങ്കിൽ നിങ്ങൾക്ക് അറിയാത്ത ചരിത്രം ഞങ്ങൾ പറഞ്ഞുതരാം.

ഒരു കാര്യത്തെ വിമർശിക്കുമ്പോൾ പറയുന്ന കാര്യം എന്താണെന്നെങ്കിലും അറിയേണ്ടതുണ്ട്. വേദപുസ്തകം വിഭാവനം ചെയ്യുന്ന സോഷ്യലിസവും സാഹോദര്യവും പ്രായോഗികമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കമ്മ്യൂണിസത്തിന്റെ തുടക്കം. ആ ലക്ഷ്യം നടപ്പാക്കാനാണ് ഹേഗലിന്റെ ഡയലിറ്റിക് തിയറി അതിനോട് കൂട്ടിയിണക്കിയത്. ക്രിസ്തുമതത്തിന്റെ അപചയമാണ് കമ്മ്യൂണിസം ഉടലെടുക്കാൻ കാരണം. ദൈവവിശ്വാസികളുടെ അക്കാലത്തെ ദൈവനിഷേധ പ്രവർത്തികളാണ് കമ്മ്യൂണിസത്തിൽ ദൈവനിരാകരണത്തിന് കാരണമായത്. അതുകൊണ്ടുതന്നെ കമ്മ്യൂണിസം ആരിലൂടെ എങ്ങനെയുണ്ടായി, കമ്മ്യൂണിസത്തിൽ ബൈബിളിന്റെ സ്വാധീനം എത്രത്തോളം തുടങ്ങിയ കാര്യങ്ങൾ നമുക്കൊന്ന് പരിശോധിക്കാം. (തുടരും)



# റേഡിയോ എന്ന അത്ഭുതം

ബഹുമാനപ്പെട്ട മന്ത്രി അറിയാൻ,

കുഷ്ഠരോഗാശുപത്രിയിൽ നിന്നാണ് ഈ കത്തെഴുതുന്നത്. സാറിനെ ഞങ്ങൾക്കു നന്നായി അറിയാം. കഴിഞ്ഞ ദിവസം സാർ ഈ ആശുപത്രിയിൽ വന്നപ്പോൾ ഞങ്ങൾ പരിചയപ്പെട്ടിരുന്നു. അങ്ങനെ ഒരു ധൈര്യം കിട്ടിയതുകൊണ്ടാണ് ഈ കത്ത് എഴുതുന്നത്. പാട്ടും വാർത്തകളുമൊക്കെ കേൾക്കാൻ ഞങ്ങൾക്ക് ഒരു റേഡിയോ വേണം.

സാർ സഹായിക്കുമെന്ന് കരുതുന്നു.

എന്ന്,

കുഷ്ഠരോഗാശുപത്രിയിലെ ഒരു രോഗി

ഇങ്ങനെ ഒരു കത്തു കിട്ടിയാൽ മന്ത്രി എന്തു ചെയ്യും? കത്ത് ചവറ്റുകൊട്ടയിൽ പോയില്ലെങ്കിൽ ഭാഗ്യം!

പക്ഷേ, ഈ മന്ത്രി അത്തരക്കാരനല്ല. കത്തു വായിച്ച് മൂപ്പർ പോക്കറ്റിലിട്ടു.



ഏതാനും മാസം കഴിഞ്ഞു. മറ്റൊരു ചടങ്ങിനു പോകുംവഴി മന്ത്രി കുഷ്ഠരോഗാശുപത്രിയിൽ കയറി. അദ്ദേഹത്തിന്റെ കൈയിൽ ഒരു പൊതിയുണ്ടായിരുന്നു. കത്തെഴുതിയ ആളെ കണ്ടെത്തി കൈയ്യിലെ പായ്ക്കറ്റ് നൽകി. അതൊരു ട്രാൻസിസ്റ്റർ റേഡിയോ ആയിരുന്നു!

ഈ മന്ത്രിയെ പഴയ തലമുറ നന്നായി അറിയും - വീടില്ലാത്തവർക്കു വേണ്ടി "ലക്ഷം വീടു പദ്ധതി" നടപ്പാക്കിയ എം. എൻ. ഗോവിന്ദൻ നായർ!

ടി.വി, മൊബൈൽ ഫോൺ, ഇന്റർനെറ്റ് എന്നിവയൊന്നും ഇല്ലാതിരുന്നകാലത്ത് റേഡിയോ അസുലഭ വസ്തുവായിരുന്നു. ഒരു റേഡിയോ സ്വന്തമാക്കുന്നത് അത്ര എളുപ്പമായിരുന്നില്ല. വൈദ്യുതി പോലും പലയിടത്തും എത്താത്ത കാലം.

എഴുത്തുകാരനും പത്രപ്രവർത്തകനുമായിരുന്ന പവനൻ ഈ ബുദ്ധിമുട്ടിനെക്കുറിച്ച് ആത്മകഥയിൽ എഴുതിയിട്ടുണ്ട്. കുടുംബത്തിലുള്ളവർക്ക് റേഡിയോ വാങ്ങാൻ ആഗ്രഹം. അതിനുള്ള പണമില്ല. പവനന്റെ വിഷമം മനസ്സിലാക്കിയ ഒരു സുഹൃത്ത് റേഡിയോ വാങ്ങി നൽകി!

ബർമ്മയിലോ മലേഷ്യയിലോ സിലോണിലോ മറ്റോ ജോലി ചെയ്തിരുന്ന മലയാളികളിൽ ചിലർ നാട്ടിലെത്തുമ്പോൾ റേഡിയോ കൊണ്ടുവരാറുണ്ടായിരുന്നു. പിന്നീട് എൺപതുകളിൽ ഗൾഫ് വസന്തം വന്നപ്പോഴാണു റേഡിയോയും ടേപ്പ് റെക്കോഡറുമൊക്കെ നമ്മൾ ശരിക്കു കണ്ടുതുടങ്ങിയത്.

റേഡിയോകളുടെ, പ്രത്യേകിച്ചും ട്രാൻസിസ്റ്റർ റേഡിയോകളുടെ പരസ്യങ്ങൾ പത്രമാസികകളിൽ ധാരാളമുണ്ടായിരുന്നു.

വെറും 130 രൂപയ്ക്ക് ഒരു ട്രാൻസിസ്റ്റർ റേഡിയോ കിട്ടുമെന്നായിരുന്നു അക്കാലത്തെ ഒരു പരസ്യം. റേഡിയോ തപാലിൽ അയയ്ക്കും. നിങ്ങൾക്ക് 30 ദിവസം സൗജന്യമായി പ്രവർത്തിപ്പിക്കാം. തൃപ്തിയായെങ്കിൽ മുഴുവൻ പൈസയും കൊടുത്താൽ മതി. പക്ഷേ, അഡ്വാൻസായി അമ്പതു രൂപ ഉടനെ അയയ്ക്കണം! രൂപ അയച്ചുകൊടുത്താൽ മടക്കത്തപാലിൽ കിട്ടുന്നത് വൈക്കോലോ അറക്കപ്പൊടിയോ നിറഞ്ഞ പായ്ക്കറ്റായിരിക്കും!

"ശക്തിയേറിയ, കയറ്റുമതി സാധ്യതയുള്ള എ.സി. - കം - ബാറ്ററി - മൾട്ടി ഫോർ ബാന്റ് അഖിലലോക ട്രാൻസിസ്റ്റർ പ്രതിമാസം പത്തു രൂപയടച്ച് സ്വന്തമാക്കാൻ" - ആഹ്വാനം ചെയ്യുന്ന പരസ്യങ്ങളും ഉണ്ടായിരുന്നു. എന്താണ് "അഖിലലോക ട്രാൻസിസ്റ്റർ?"- എന്നു ചോദിച്ചാൽ ഉത്തരമില്ല!

എഴുപതുകൾ വലിയ വാൽവ് റേഡിയോകളുടെ കാലമായിരുന്നു. പട്ടണങ്ങളിലും ഗ്രാമങ്ങളിലുമുള്ള ചായക്കടകൾ, ഹോട്ടലുകൾ, ധനികഗൃഹങ്ങൾ, കല്യാണപ്പന്തലുകൾ എന്നിവിടങ്ങളിലെല്ലാം വലിയ പെട്ടി പോലുള്ള വാൽവ് റേഡിയോകൾ മേശപ്പുറത്ത് വിലസി.

രാവിലെയും ഉച്ചയ്ക്കും സന്ധ്യയ്ക്കും വാർത്തകളും ബാക്കി സമയത്ത് പാട്ടും നാടകവും! ചായക്കടകളിൽ റേഡിയോയ്ക്ക് വിശ്രമമുണ്ടായില്ല. റേഡിയോപ്പാട്ട് കേട്ട് ചായ കുടിച്ച്, ബീഡി പുകച്ചിരിക്കുന്നത് പലർക്കും ഒരു സുഖമായിരുന്നു.

മിക്ക ഗ്രാമങ്ങളിലും വൈദ്യുതി ഇല്ലാതിരുന്നതിനാൽ എട്ടു ബാറ്ററിവരെ ഇടുന്ന റേഡിയോകൾ ഏറെക്കുറെ നിശ്ചലമായിരുന്ന ഗ്രാമീണ ജീവിതങ്ങളെ തെല്ലൊന്നുമല്ല വർണ്ണാഭമാക്കിയത്.

ടെലിറാഡ്, ഫിലിപ്സ്, സോണി, മർഫി തുടങ്ങിയ കമ്പനികളുടെ വലിയ റേഡിയോകൾ ധനിക ഗൃഹനാഥന്മാരുടെ സ്വീകരണമുറികളിലെ അത്ഭുതക്കാഴ്ചയായിരുന്നു. റേഡിയോയുടെ ഏരിയൽ പുറത്ത് പത്രാസിൽ കെട്ടിയുയർത്തിവച്ചിരിക്കുന്നതും ആഭിജാത്യത്തിന്റെ ദൃഷ്ടാന്തമായിരുന്നു. റേഡിയോയുള്ള വീട്ടിലെ പയ്യന്മാർക്ക് സ്കൂളുകളിൽ ഒരു നിലയും വിലയുമൊക്കെ ഉണ്ടായിരുന്നുതാനും.

വാൽവ് റേഡിയോ സർവ്വീസിംഗ് ഒരു എഞ്ചിനിയറിംഗ് വിദ്യയായിട്ടാണ് വിചാരിച്ചിരുന്നത്. "നിങ്ങൾക്കും വാൽവ് റേഡിയോ സർവ്വീസിംഗ് പഠിച്ച് എഞ്ചിനിയറാകാം!"- എന്നു മറ്റുമുള്ള പരസ്യങ്ങൾ സാധാരണമായിരുന്നു.

മിടുക്കന്മാരായ റേഡിയോ മെക്കാനിക്കുകളെ എല്ലാവരും ബഹുമാനിച്ചു. ഇങ്ങനെയുള്ളവരിൽ ചിലർ "ടെലിറാഡ് മാത്തുക്കുട്ടി"എന്ന പേരിലൊക്കെ പ്രശസ്തരായി.

*ശേഷം പേജ് 7 കാണുക*

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

**വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന (സങ്കീ.104:2; എബ്രാ.2:7; 2 കൊരി.3:7) തേജസ്സ് അല്ലെങ്കിൽ പ്രകാശവസ്ത്രം വിശദീകരിക്കാൻ കഴിയുന്ന ഒരു ശാസ്ത്രീയ വസ്തുതയാണോ? – പ്രശാന്ത് മുളയറ, ഇടക്കുന്നം, പാറത്തോട്, കാഞ്ഞിരപ്പള്ളി**



വർഷങ്ങൾക്കുമുമ്പ് 'പ്രകാശവസ്ത്രം' ഉൾപ്പെടെ പല ബൈബിൾ വിഷയങ്ങളും ഭാവനാസൃഷ്ടിയാണെന്ന് സമർത്ഥിച്ച് ബൈബിളിനേയും ദൈവത്തേയും നിഷേധിക്കുവാൻ വായനക്കാരെ ആഹ്വാനം ചെയ്യുന്ന ഒരു ഗ്രന്ഥം പുറത്തിറങ്ങുകയുണ്ടായി. അന്ന് പ്രശസ്തമായ ഒരു മാധ്യമത്തിലൂടെ ഞാൻ അതിനു മറുപടി പറഞ്ഞതാണെങ്കിലും വേദാഭിമാനി വായനക്കാരുടെ താല്പര്യം പരിഗണിച്ച് വിഷയ നിഷേധത്തിന് ശാസ്ത്രീയമായ വിശദീകരണം നൽകുന്നത് ഉചിതമായിരിക്കും എന്നു തോന്നുന്നു.

ഗോചരമായ നമ്മുടെ ശരീരത്തിനു സമാന്തരമായി ജൈവശക്തിയുടെ ചംക്രമണത്തിനുള്ള ഉപാധിയായ അഗോചരമായ ഒരു ഈതർ ശരീരം അഥവാ സൂഷ്മശരീരം കൂടെ നിലനിൽക്കുന്നുണ്ട്. ജീവകോശങ്ങളിൽ സമാന്തര ശരീരിയായി ഈ ഈതർ രൂപം നിലകൊള്ളുന്നു. ശരീരത്തിൽ നിന്നും ഏകദേശം നാലിഞ്ചുമുതൽ ആറിഞ്ചുവരെ അകലത്തിൽ ഈ തേജസ്സ് ആവരണം ചെയ്തു നിൽക്കുന്നു. ഇതിന് ഹെൽത്ത് ഓറ എന്നും പറയാറുണ്ട്. രോഗങ്ങൾക്കെതിരെ സ്വയം സജ്ജമാക്കപ്പെട്ട ശരീരമാണ് നമുക്കുള്ളത്. എന്നാൽ ഈ ശക്തി പരിവേഷത്തിനുണ്ടാകുന്ന ന്യൂനതയാണ് രോഗമായി പരിണമിക്കുന്നത് എന്നു പറയപ്പെടുന്നു. ഏതു ശരീരഭാഗത്ത് ഈ ചൈതന്യവിശേഷത്തിന് കുറവുണ്ടാകുന്നുവോ, ആ ഭാഗം രോഗാതുരമാകുന്നു എന്നർത്ഥം. ഓറയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ നമ്മെ ഭൗതികമായും ആത്മീകമായും സാരമായി ബാധിക്കുന്നു. ഈ ഈതർ ശരീരമാണ് മസ്തിഷ്ക ബോധത്തിനും അതിബോധലോകത്തിനും ഇടയിലെ അനന്തവും സൂഷ്മവുമായ പാലമായി പ്രവർത്തിക്കുന്നത്. ഒരു വ്യക്തിയെ സൈക്കിക് എന്നും നോൺ സൈക്കിക് എന്നും തരംതിരിക്കുന്നത് ഈ സൂഷ്മ ശരീരത്തിന്റെ അടിസ്ഥാനത്തിലാണ്.



ഫ്രെഡ് ഹോയൽ എന്ന ശാസ്ത്രജ്ഞന്റെ അഭിപ്രായത്തിൽ സൂഷ്മ ശരീരം ബയോൺസ് കോശങ്ങൾകൊണ്ട് നിർമ്മിച്ചിരിക്കുന്നു എന്നും ഓർഗോൺ ഊർജ്ജംകൊണ്ട് സ്പന്ദിക്കുന്നു എന്നുമാണ്. റീഷൻ ബാക്ക് എന്ന ശാസ്ത്രജ്ഞന്റെ അഭിപ്രായപ്രകാരം വിദ്യുച്ഛക്തി, കാന്തികശക്തി, പ്രകാശം, താപം മുതലായവയുടെ സ്വഭാവത്തോടുകൂടിയ ഒരു ശക്തിവിശേഷം പ്രപഞ്ചത്തിൽ നിലനിൽക്കുന്നുണ്ട്. ഇതിന് ഓഡിക് ഫോഴ്സ് എന്നാണദ്ദേഹം പേരിട്ടിരിക്കുന്നത്. എല്ലാ ജന്തുക്കൾക്കും ലംബമായും തിരശ്ചീനമായും കാന്തികധ്രുവീകരണം അഥവാ ഓഡിക് പൊളാരിറ്റി ഉണ്ട്. ശരീരത്തിന്റെ ഇടതുഭാഗവും വലതുഭാഗവും വിപരീത കാന്തികശക്തിയാണ് പ്രകടിപ്പിക്കുക. അതുപോലെ ശരീരത്തിന്റെ മുകൾ ഭാഗവും കീഴ്ഭാഗവും വിപരീത ഓഡിക് പൊളാരിറ്റി പ്രകടിപ്പിക്കുന്നു. ചില ഓറ (തേജസ്സ്) സംഗമിക്കുകയും ചിലവ വികർഷിക്കുകയും ചെയ്യും. ഈ ആകർഷണ വികർഷണ പ്രക്രിയകൾ ഉപബോധ മനസ്സിലുണ്ടാക്കുന്ന പ്രതികരണങ്ങൾ "ഇടപഴകൽ" പ്രക്രിയയെ ബാധിക്കുന്നുണ്ട്. ചില മനുഷ്യരോട് സ്നേഹവും മറ്റു ചിലരോട് വെറുപ്പും തോന്നുന്നതിന്റെ കാരണം ഇതായിരിക്കാം.

ചില വ്യക്തികളുടെ സജീവസാന്നിദ്ധ്യം ഒരു സദസ്സിനെ പിടിച്ചിരുത്തുന്നതിന്റെ കാരണവും വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. വ്യത്യസ്ത കാന്തിക വലയമുള്ള മനുഷ്യരുടെ വികർഷണ തേജസുകളെ സമന്വയിപ്പിക്കാൻ കഴിയുന്ന ഒരു ഉത്പ്രേരകശക്തിയായി ഇവരുടെ കാന്തിക തേജസ് പ്രവർത്തിക്കുന്നുണ്ട്. ഈ മഹത് സാന്നിധ്യത്തിൽ ജനക്കൂട്ടം മുഴുവൻ ഒരേ മനസ്സോടെ ചിന്തിക്കുന്നു. മനുഷ്യദൈവങ്ങൾ ഒരു സമൂഹത്തെ ആകമാനം ആകർഷിക്കുന്നതിന്റെ കാരണവും മറ്റൊന്നല്ല.

ഓറ അല്ലെങ്കിൽ പ്രകാശവലയത്തിലൂടെ പ്രവഹിക്കുന്ന ശക്തിധാരയ്ക്കു മാംസരൂപിയായ സ്ഥൂല ശരീരത്തിലും മാറ്റങ്ങൾ വരുത്താൻ കഴിയും. ധ്യാനം പ്രധാനമായ ഒരു നിയന്ത്രണോപാധിയാണെന്ന് ശാസ്ത്രജ്ഞന്മാർതന്നെ സമ്മതിക്കുന്നു. കൂടാതെ പ്രാർത്ഥനയാൽ തേജസ്സിന് മാറ്റുകൂട്ടുവാനും ശാരീരിക നിലകളിൽ ഊർജ്ജതീവ്രത കൂട്ടുവാനും ഉദ്ദീപിപ്പിക്കുവാനും കഴിയും എന്നവർ പറയുന്നു. ആദ്യമായി ഈ വസ്തുതകളെ വിശകലനം ചെയ്ത് സിദ്ധാന്തത്തിന്റെ പിൻബലം നൽകി അവതരിപ്പിച്ച ഡോ. മെസ്മർ, ജെഫ്രി ഹോഡ്സൺ തുടങ്ങിയ ശാസ്ത്രജ്ഞന്മാരുടെ വിശദീകരണം ശ്രദ്ധിക്കുക. ഒരു ശാക്തിക സമുദ്രത്തിലാണ് നാം ജീവിക്കുന്നത്. ഈ തോജോസമുദ്രത്തിലുണ്ടാകുന്ന വേലിയേറ്റങ്ങളും വേലിയിറക്കങ്ങളും നമ്മെ സ്വാധീനിക്കുന്നു. അതീന്ദ്രിയവും അതീതവുമായ ഈ ശക്തിസ്രോതസ്സുകളെ നിയന്ത്രിക്കുന്നത് ഇനിയും പേരിടാത്ത അല്ലെങ്കിൽ ദൈവം എന്നു വിളിക്കാവുന്ന മനുഷ്യചിന്തയ്ക്കതീതമായ ശക്തിവിശേഷമാണ്.



# റേഡിയോ എന്ന അത്ഭുതം

*പേജ് 6 തുടർച്ച*

പെട്ടെന്ന് വാർത്തകൾ നാട്ടിൽപ്പരത്തുന്ന പരദൂഷണ വിശാരദകളായ സ്ത്രീരത്നങ്ങളെ "ആകാശവാണി ദാക്ഷായണി" എന്നൊക്കെയാണ് വിളിച്ചിരുന്നത്.

വാൽവ് റേഡിയോകൾക്കു ശേഷമാണു ട്രാൻസിസ്റ്ററുകളും ഗ്രാമഫോണുമൊക്കെ വന്നത്. കൈയ്യിലൊതുങ്ങാവുന്ന ട്രാൻസിസ്റ്റർ റേഡിയോ പ്രചാരത്തിലായതോടെ പാട്ടുപാടുന്ന ചെറു ട്രാൻസിസ്റ്ററുകളുമായി പൂവാലന്മാർ വിലസിത്തുടങ്ങി. ഗൾഫുകാർ ഇത്തരം മാറ്റങ്ങൾക്കു കാരണമായി.

റേഡിയോയുടെ വരവോടെ റേഡിയോ സാഹിത്യം എന്നൊരു ശാഖ തന്നെ ഉണ്ടായി. നാടകം, കവിത, ഡോക്യുമെന്ററി എന്നിവയൊക്കെ റേഡിയോ സ്റ്റൈലിൽ രൂപമെടുത്തു.

അവ തയാറാക്കി അവതരിപ്പിക്കുന്ന ജോലി സാഹിത്യകാരന്മാർക്കും കിട്ടി. അക്കിത്തം, തിക്കോടിയൻ, ഉറൂബ്, കേശവദേവ് എന്നിവരൊക്കെ ആകാശവാണിയിൽ ജോലി ചെയ്തു. അനേകം പുരസ്കാരങ്ങൾ നേടിയ "ബലി ദർശനം" എന്ന കാവ്യം അക്കിത്തം ആകാശവാണിയിൽ അവതരിപ്പിക്കാനായി എഴുതിയതാണ്.

വാർത്താ വായന ജനപ്രിയമായ കലാരൂപമായി മാറി എന്നതും ശ്രദ്ധേയമായി. രാമചന്ദ്രൻ, പത്മരാജൻ, ശങ്കരനാരായണൻ, റാണി തുടങ്ങിയ വാർത്താ വായനക്കാർ ശ്രോതാക്കളുടെ സൂപ്പർസ്റ്റാറുകളായിരുന്നു.

റേഡിയോ സ്റ്റേഷനുകൾ വന്നതോടെ കലാകാരന്മാർക്കും ജോലിക്ക് അവസരമുണ്ടായി. അവർ നിലയ വിദ്വാന്മാരായി ജീവിതം തുടങ്ങി. മേൽവിലാസവും കൃത്യമായ ജോലിയും ഇല്ലാതിരിക്കുന്ന ചിലരെ "നിലയ വിദ്വാന്മാർ" എന്ന് പലരും പരിഹസിക്കാറുണ്ട്.

ആകാശവാണിയുടെ നല്ലകാലത്ത് റേഡിയോ അമ്മാവൻ, ബാലലോകം അമ്മാവൻ, റേഡിയോ അമ്മൂമ്മ തുടങ്ങിയ സ്ഥിരം കഥാപാത്രങ്ങൾ ഉണ്ടായിരുന്നു. പി. ഗംഗാധരൻ നായരും കെ. ജി. ദേവകിയമ്മയുമൊക്കെ ശബ്ദം നൽകിയ കഥാപാത്രങ്ങൾ! റേഡിയോ ശ്രീലങ്ക വഴി പാട്ടുകളിട്ടു തന്നിരുന്ന സരോജിനി ശിവലിംഗവും ജെ.എം. രാജുവുമായിരുന്നു എഴുപതുകളിൽ നമുക്ക് ഏറെ പരിചിതമായിരുന്ന റേഡിയോ ജോക്കികൾ.

ഇപ്പോഴത്തെ എഫ്.എം. ജോക്കികൾക്ക് അങ്ങനെയൊരു വ്യക്തിത്വവും മുഖവുമില്ല. അതിന് അവർക്ക് അനുവാദവുമില്ല. കേരളം മൊത്തം മുഖമില്ലാത്ത സമൂഹമായി മാറുകയാണെന്ന് റേഡിയോ അധികാരികൾ മനസ്സിലാക്കിയിട്ടുണ്ട്.

എഫ്.എം. (ഫ്രീക്വൻസി മോഡുലേഷൻ) റേഡിയോ സ്റ്റേഷനുകൾ ഇപ്പോൾ "ഫ്രീക്കൻ' സ്റ്റേഷനുകളാണ്. ഭാഷാശുദ്ധിയെ വെല്ലുവിളിക്കുന്ന ഫ്രീക്കന്മാരായ റേഡിയോ ജോക്കികളേയും അവിടെ കാണാം. പുതിയ യുവ റേഡിയോ ജോക്കികൾ പ്രത്യേക വർഗ്ഗമാകുന്നു. അവർ കള്ളപ്പേരുകളിൽ ഒളിഞ്ഞിരുന്നു നമ്മെ പറ്റിക്കുന്നു. ബസ്സിൽ ആരോടും മിണ്ടാതെ പതുങ്ങിയിരിക്കുന്ന പാവം പയ്യൻ ചിലപ്പോൾ ഒരു തീപ്പൊരി ജോക്കിയാവാം.

അവരേയും കുറ്റംപറഞ്ഞിട്ടു കാര്യമില്ല. അവർ ഒരു ഉപകരണം മാത്രമാണ്. നഗരങ്ങളിലെ റോഡുകളിൽ ഗതാഗതക്കുരുക്ക് ഉണ്ടോ എന്നറിയിക്കാനും കഥയില്ലായ്മകളും തമാശകളും വിളമ്പാനും പരസ്യങ്ങൾ സമയാസമയങ്ങളിൽ കേൾപ്പിക്കാനുമുള്ള ഉപകരണം മാത്രമാണവർ.

ഒരുകാലത്ത് പലരും ഉണർന്നിരുന്നത് റേഡിയോയിലെ സിഗ്നേച്ചർ മ്യൂസിക്കും വന്ദേമാതരവും സുഭാഷിതവുമൊക്കെ കേട്ടായിരുന്നെന്ന് മറക്കരുത്.

കേരളപ്പിറവി, ആദ്യ കേരള സർക്കാർ പ്രഖ്യാപനം, അടിയന്തരാവസ്ഥ പ്രഖ്യാപനം എന്നിവയൊക്കെ നമ്മൾ ആദ്യം കേട്ടത് റേഡിയോയിലൂടെ ആയിരുന്നുവല്ലോ.

ഡൽഹിയിലെ ആകാശവാണി ജീവിതം ആധാരമാക്കി വി.കെ.എൻ. "അസുരവാണി" എന്നൊരു നോവൽ രചിച്ചിട്ടുണ്ട്.

ഓൾ ഇന്ത്യാ റേഡിയോക്ക് "ആകാശവാണി" എന്നൊരു സുന്ദരമായ പേരിട്ടത് മഹാകവി ടാഗോർ ആയിരുന്നു.

തിരുവിതാംകൂറിൽ ആദ്യ റേഡിയോ പ്രക്ഷേപണം ആരംഭിക്കുന്നത് 1943 മാർച്ച് പന്ത്രണ്ടിനാണ്. ഇന്നത്തെ എം.എൽ.എ.ക്വാർട്ടേഴ്സിരുന്ന സ്ഥലത്തായിരുന്നു സ്റ്റേഷൻ.

റേഷൻകാർഡ് കൂടാതെ നമുക്ക് ഒരു തിരിച്ചറിയൽ രേഖ കിട്ടുന്നത് റേഡിയോ വഴിയാണ്. എഴുപതുകളിൽ കേന്ദ്രസർക്കാർ എല്ലാ റേഡിയോകൾക്കും ലൈസൻസ് നിർബന്ധമാക്കിയപ്പോൾ നമുക്ക് ഒരു തിരിച്ചറിയൽ കാർഡ് കിട്ടി. പോസ്റ്റാഫീസുകളിൽ ചെന്ന് ഈ രേഖ വാങ്ങുമ്പോൾ പിന്നീടുള്ള അനേകം തിരിച്ചറിയൽ കാർഡുകളുടെ തുടക്കമായിരുന്നു ഇതെന്ന് അറിഞ്ഞിരുന്നില്ല. റേഡിയോ മടങ്ങിവരികയാണ്.

WEBSITE
vedahimani.com
FACE BOOK
vedahimani
MAIL
vedahimani@gmail.com
YouTube
vedabhimani

VEDABHIMANI
EXPERIENCE THE POWER OF TRUTH
Annual Subscription Rs. 250/-

Postal Registered No : KL/MVK/184/2021-2023
Licence No. KL/CR/MVK/WPP-03/2021-23
Licensed to post without prepayment
Posted on 15, 20 June: 2021 at RMS Kayamkulam
Published on Ist June: 2021
RNI Registered No. KERMAL/2002/7361



# കാഴ്ചപ്പാടുകളും കാഴ്ചവട്ടങ്ങളും



"ഞാൻ നിന്നെ സ്നേഹിക്കുന്നു, ഞാൻ നിന്നെ മനസ്സിലാക്കുന്നു" എന്ന് ഹൃദയപൂർവ്വം പറയുന്നവരാണ് ഭൂമിയിൽ ഏറ്റവും ലാവണ്യമുള്ളവർ.

ഭർത്താവിന്റെ മരണശേഷം ഭാര്യ പറയുന്നു: "അയാൾ ഒരിക്കലും എന്നെയും മക്കളെയും സ്നേഹിച്ചിരുന്നില്ല. അയാൾക്ക് അയാളോടു മാത്രമേ സ്നേഹമുണ്ടായിരുന്നുള്ളൂ. ഇറങ്ങിപ്പോകണമെന്ന് പലതവണ ഓർത്തിട്ടുണ്ട്. ഈ മക്കളെ കാണുമ്പോൾ പിടിച്ചുനിൽക്കും. എങ്കിലും അദ്ദേഹം പോയത് വലിയ വിഷമമാണ്." ഭൂമിയിലെ ഏറ്റവും ക്രൂരമെന്നോ, അരുചികരമെന്നോ തോന്നുന്ന വാക്കുകളാണ്, 'നീ നിന്നെ മാത്രമേ സ്നേഹിച്ചിരുന്നുള്ളൂ എന്നത്. പകർന്നുകൊടുക്കേണ്ട സ്നേഹത്തെ പൂഴ്ത്തിവച്ച് പ്രകാശത്തിൽ നിന്ന് അന്ധകാരത്തിലേക്ക് എത്ര പേരെ നാം പറഞ്ഞുവിട്ടിട്ടുണ്ടാകാം. 1 കൊരി. 13-ൽ പൗലോസ് ശ്ലീഹാ പറയുന്ന സ്നേഹശൈലി ഉൾക്കാഴ്ചയായി മാറിയിരുന്നെങ്കിൽ മരിച്ചുജീവിക്കുന്നവരുടെയും കൊഴിഞ്ഞുപോയവരുടെയും എണ്ണത്തിൽ കുറവു വന്നേനെ. ഒരു പൂവ് അടർത്തിയെടുക്കുന്ന ലാഘവത്തോടെ ജീവിതത്തെ സ്വയം ഇല്ലായ്മ ചെയ്തവരൊക്കെ ചിന്തിച്ചിരുന്നത് 'എന്നെ ആരും മനസ്സിലാക്കാനില്ല' എന്നാവാം. ഒരാളെങ്കിലും സ്നേഹിക്കാനുണ്ടെന്ന ചിന്ത ജീവിച്ചിരിക്കാനുള്ള പ്രകാശമാകും.



വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ നോട്ടം കൊണ്ടോ, വാക്കുകൾ കൊണ്ടോ ക്രിസ്തുവും കൂടി വിചാരണ നടത്തിയിരുന്നെങ്കിൽ കല്ലേറിയപ്പെടുന്നതിനു മുൻപുതന്നെ ജീവിച്ചിരിക്കാനുള്ള ആഗ്രഹത്തെ അവൾ മനസ്സിൽ കെടുത്തിക്കളഞ്ഞേനെ. വാക്കുകൾ കൊണ്ടു സൗഖ്യം നല്കിയ ക്രിസ്തു പകർന്നതിത്രമാത്രം. ഞാൻ നിന്നെ മനസ്സിലാക്കുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നു. ജീവിച്ചിരിക്കാൻ, വിശുദ്ധ ജീവിതം നയിക്കാൻ അവളെ പ്രേരിപ്പിച്ച ചിന്തയും അതുതന്നെ; ഭൂമിയിൽ എന്നെ മനസ്സിലാക്കുന്ന, അറിയുന്ന ഒരാൾ ഉണ്ടെന്ന പൂർണ്ണബോധ്യം.

ചെറുപ്പക്കാരായ ദമ്പതികൾ ജോലിസംബന്ധമായി പുതിയ വീട്ടിലേക്ക് താമസം മാറ്റി. രാവിലെ പ്രഭാതഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ അടുത്ത വീട്ടിലെ തുണികൾ കഴുകി അയയിൽ ഉണങ്ങാനിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ട ഭാര്യ പറഞ്ഞു: തുണികളിൽ മുഴുവൻ ചെളിയാണല്ലോ. ചിലപ്പോൾ അവരുപയോഗിക്കുന്ന സോപ്പ് നല്ലതായിരിക്കില്ല. ഇല്ലെങ്കിൽ അവർക്ക് അലക്കാനറിയില്ല. തുണികൾ ഉണങ്ങാനിട്ടിരുന്നപ്പോഴെല്ലാം ഇതാവർത്തിച്ചുകൊണ്ടിരുന്നു. ഒരു ദിവസം രാവിലെ അവൾ ഭർത്താവിനെ വിളിച്ചുപറഞ്ഞു: നോക്കിക്കേ, തുണി വൃത്തിയായി ഉണങ്ങാനിട്ടിരിക്കുന്നു. ആരാണാവോ അവരെ ഇതൊക്കെ പഠിപ്പിച്ചത്? അപ്പോൾ തന്റെ ഭാര്യയോട് ചെറുപ്പക്കാരൻ പറഞ്ഞു. ഞാൻ രാവിലെ എഴുന്നേറ്റ് നമ്മുടെ ജനലിന്റെ ചില്ല് നന്നായി തുടച്ചുവൃത്തിയാക്കി. ഇതുപോലെ കാഴ്ചപ്പാടുകളും കാഴ്ചവട്ടങ്ങളും നന്നായാൽ വിശാലമാക്കിയാൽ ജീവിതത്തിലെ പല പ്രശ്നങ്ങളും തീരാവുന്നതേയുള്ളൂ. ഹൃദയത്തിലെ അഴുക്കുകൾ തുടച്ചുകളഞ്ഞ് മനുഷ്യരെ കാണുവാൻ ശ്രമിച്ചാൽ ജീവിതത്തിൽ നമുക്ക് പ്രകാശം പരുത്തുന്നവരാകുവാൻ കഴിയും.

സന്തോഷവും സമാധാനവുമില്ലാതെ ഉള്ളിൽ വേദനയുടെ നെരിപ്പോടുമായി നടക്കുന്ന മനുഷ്യർക്കു മുൻപിൽ സ്നേഹത്തിന്റെ ഒരു പുഞ്ചിരിയെങ്കിലും നൽകുവാൻ നമുക്ക് കഴിയണം. വരൂ, ചില്ലുകൾ തുടച്ച് കാഴ്ചകളും കാഴ്ചപ്പാടുകളും ശരിയാക്കി നമുക്ക് മനുഷ്യരിലേക്കിറങ്ങാം. ആരവങ്ങളിൽ ഉന്മത്തരാകാതെ, പരാജയങ്ങളിൽ പതറി നിരാശരാകാതെ സ്നേഹത്തോടെ കൈത്താങ്ങലുകൾ നൽകി സമചിത്തതയോടെ ഈ കാലവും കടന്നുപോകട്ടെ.



# പൂർവ്വപിതാക്കന്മാർ ഒരു ചരിത്രാന്വേഷണം

ഇസ്രായേൽ സംസ്കാരത്തിൽ ദൈവത്തോട് ഏറ്റവും ആഭിമുഖ്യമുണ്ട് എന്നു കരുതപ്പെടുന്ന ഒരു ഗിരിവർഗ്ഗസമൂഹമാണ് ലെവിറ്റ്. ജൂതപാരമ്പര്യമനുസരിച്ച് ഹീബ്രു വർഗ്ഗമായ ലെവിയിലെ ഒരംഗമാണ് ലെവിറ്റ്. ഒരിക്കൽ ജോഷ്വാ എന്ന പിതാവ് നിരവധി ഇസ്രേലികളെ കനാനിലേക്ക് വിളിച്ചു. അന്ന് ഇസ്രയേലിൽ നിലനിന്നിരുന്ന എല്ലാ ഗിരിവർഗ്ഗസമൂഹങ്ങളെയും ജോഷ്വാ കനാനിൽ പുതിയൊരു ജീവിതം കെട്ടിപ്പടുക്കുന്നതിനായി വിളിച്ചു. എല്ലാവർക്കുമായി സ്ഥലങ്ങൾ വിഭജിച്ചു നൽകി.




അവിടങ്ങളിൽ പാർപ്പിടം കെട്ടി സ്വന്തമായൊരു ലോകം ഓരോരുത്തരും ആരംഭിച്ചു. എന്നാൽ ലെവിറ്റുകൾക്ക് കനാനിൽ സ്വന്തമായൊരു സാമ്രാജ്യം ഉണ്ടാക്കാനുള്ള സൗകര്യം ജോഷ്വാ നൽകിയില്ല. ഇവർ നാടിനുവേണ്ടി ചെയ്ത സേവനം അനുസരിച്ച് കനാനിൽ ഒരിടം അവർക്കും ലഭിക്കേണ്ടിയിരുന്നു. രാഷ്ട്രീയമായും മതപരമായും ലെവിറ്റുകളുടെ പ്രവർത്തനങ്ങൾ ശ്ലാഘനീയമായിരുന്നു. ഇസ്രയേൽ ജനതയുടെ പിതാവായ യാക്കോബിന്റെ 12 മക്കളിൽ ഒരാളായിരുന്നു ലെവി. ലെവിയിൽ നിന്നാണ് ഈ ഗിരിവർഗ്ഗസമൂഹത്തിന് ലെവിറ്റ് എന്ന പേർ ലഭിച്ചത്. ലെവിക്ക് മൂന്നു മക്കളായിരുന്നു. അവരിൽ പ്രധാനിയായിരുന്നു കൊഹാൻ. കൊഹാന്റെ നേതൃത്വത്തിൽ ദൈവിക കാര്യങ്ങൾ നിർവ്വഹിക്കുന്ന നിരവധി പേർ അന്ന് ഇസ്രയേലിൽ നിലനിന്നിരുന്നു. വൈദികവൃത്തിയിൽ അവർ അഗ്രഗണ്യരായിരുന്നു. സംഗീത പാരമ്പര്യം അവകാശപ്പെടുന്ന ഏക ഗിരിവർഗ്ഗസമൂഹമായിരുന്നു ലെവിറ്റ്. രാജസദസുകളെ ധന്യമാക്കാൻ ഇവർ സംഗീത കച്ചേരികൾ നടത്തി നാടു മുഴുവൻ സഞ്ചരിച്ചു.

ഇവർ ഉപയോഗിച്ചു എന്നു കരുതപ്പെടുന്ന സംഗീത ഉപകരണങ്ങളുടെ അവശിഷ്ടങ്ങൾ കനാനിൽ നിന്നു ലഭിച്ചിട്ടുണ്ട്. സംഗീതപ്രവർത്തനം കൂടാതെ കുട്ടികൾക്ക് വിദ്യാഭ്യാസം പകർന്നു നൽകുക. നിയമപരമായ വിഷയങ്ങളിൽ തീർപ്പു കൽപ്പിക്കുക തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ഇവർ നിർവ്വഹിച്ചിരുന്നതായി കരുതപ്പെടുന്നു. വിവിധ അഭയാർത്ഥി പട്ടണങ്ങൾ നോക്കി നടത്തിയിരുന്നത് ഇവരായിരുന്നു. നമ്മുടെ ജീവിതം പാവപ്പെട്ടവരുടെ കഷ്ടപ്പാടുകൾ ദൂരികരിക്കാൻ വേണ്ടിയുള്ളതാണെന്നായിരുന്നു ഇക്കൂട്ടരുടെ വിശ്വാസം. യാക്കോബിൽ പരമമായ വിശ്വാസം പുലർത്തിയിരുന്ന ഇവർ കനാനിൽ തങ്ങൾക്ക് നിലനിൽപ്പില്ലാതെ വന്നപ്പോൾ അവിടെ നിന്നും പലായനം ചെയ്തതായി കരുതപ്പെടുന്നു. പിന്നീട് ഇവർ എങ്ങോട്ടു പോയി എന്നതിന് വ്യക്തമായ തെളിവുകൾ ഒന്നുമില്ല. അമ്പതിനായിരത്തോളം വരുന്ന വൈദിക, സംഗീത പ്രമുഖന്മാർ അങ്ങനെ ഇസ്രയേലിൽ നിന്നു കാണാതായി. ഒരുപക്ഷേ പശ്ചിമ ദേശത്തേക്കായിരിക്കാം ഇവർ പോന്നിട്ടുള്ളത്.



## ഡയ്ലോഗ്

ടൈറ്റസ് കാർത്തികപ്പള്ളി

☺ നേതാക്കന്മാരെ തിരുത്താൻ ആളില്ലാത്തതു കൊണ്ടല്ലേ ആത്മീയ നേതൃത്വം വഴിതെറ്റുന്നത്?

പോൾ രവീന്ദ്രൻ, വയല, തട്ടാരുപടി, പത്തനംതിട്ട

☹ ***കുഴലൂത്തുകാരുടെ തള്ളുകളാണ് അവരെ നയിക്കുന്നത്.***

☺നേട്ടങ്ങൾ ഉണ്ടാകും എന്ന പ്രവാചകന്റെ പ്രവചനശേഷം ഓടയിൽ വീണ് എന്റെ കാൽ ഒടിഞ്ഞു. ഇത് നേട്ടമാകുന്നതെങ്ങനെ?

വിൽസൻ ജോസഫ്, മഠത്തിക്കോണം, കാട്ടാക്കട, തിരുവനന്തപുരം

☹***ആറ്റിൽ വീഴേണ്ടയാൾ ഓടയിൽ വീണ് രക്ഷപെട്ടത് ഒരു നേട്ടമല്ലേ.***

☺പ്രസക്തി നഷ്ടപ്പെട്ട ഒരു സമൂഹത്തിൽനിന്ന് അപ്രസക്തനായ ഒരുവൻ പുറത്തുപോയിട്ട് പ്രശസ്തനാകാൻ ശ്രമിക്കുന്നതിനെക്കുറിച്ച്?

ജോമി ലോറൻസ്, എടക്കര, നിലമ്പൂർ, മലപ്പുറം

☹***പ്രശസ്തനാകാനുള്ള പരിശ്രമത്തിന് യാതൊരു പ്രസക്തിയും കാണുന്നില്ല.***

☺യാത്ര ചെയ്യാൻ ഹെലികോപ്ടർ, റേഷൻകാർഡ് ഉടമകൾക്ക് ഒരുകോടി രൂപ, ചന്ദ്രനിലേക്ക് അവധി യാത്ര വാഗ്ദാനം ചെയ്യുന്ന മധുരയിലെ സ്ഥാനാർത്ഥിയെക്കുറിച്ച് എന്താണഭിപ്രായം?

റീന സത്യൻ, കടമ്പനാട്, അടൂർ, പത്തനംതിട്ട

☹***സ്വർഗ്ഗവും ഭൂമിയും ഒരുപോലെ വാഗ്ദാനം ചെയ്യുന്ന, ജീവിതകാലം മുഴുവൻ സുഖിക്കാനുള്ള പദ്ധതി വാഗ്ദാനം ചെയ്യുന്ന അനുഗ്രഹദാസന്മാരെക്കാൾ എത്ര ഭേദം.***

☺വീട്ടിൽ വന്ന് അനുഗ്രഹിച്ച് പ്രാർത്ഥിക്കുന്ന ദാസൻ കൈമടക്ക് കിട്ടിയില്ലെങ്കിൽ ശപിച്ചാൽ അതു ഫലിക്കുമോ?

ജോയ് പുന്നൂസ്, ചേന്നമറ്റം, പാമ്പാടി, കോട്ടയം

☹***അനുഗ്രഹിച്ച നാവുകൊണ്ടുള്ള ശാപം ഫലിക്കില്ലെന്നാണ് വിശ്വാസം.***

☺ ഊതിവീർപ്പിച്ച വ്യക്തിത്വവും ഊതിയാൽ വീർക്കാത്ത വ്യക്തിത്വവും തമ്മിലുള്ള വ്യത്യാസം.

മോനി ബാബു, വാര്യാപുരം, ഇലന്തൂർ, പത്തനംതിട്ട

☹***ബലൂണും പൊട്ടാസും പോലെ***

☺ മത്സരിക്കാൻ ഇറങ്ങുന്നവർക്ക് തങ്ങളുടെ സിദ്ധാന്തങ്ങളെക്കുറിച്ച് വല്ല പിടിപാടുമുണ്ടോ.

ടി.എം. മാമ്മച്ചൻ, കുമ്മണ്ണൂർ, മുളന്തറ, കോന്നി

☹***സിദ്ധാന്തവും ആദർശവുമല്ല അധികാരം കിട്ടാനുള്ള ആക്രാന്തം മാത്രമാണ് കൈമുതൽ.***




Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516.
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally